2025 MARCH 23

emalayalee.com

# The Weekly

WEEKLY NEWSPAPER


Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



# കൃപയായി കാതോലിക്കാ സ്ഥാനാരോഹണം




## പത്തൊൻപതാം വയസ്സിൽ പി.എച്ച്ഡി ചെയ്യുന്ന ടിയാറ തങ്കം എബ്രഹാം


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000 | www.malabarpalace.us
malabarpalaceny@gmail.com

# കാതോലിക്കാ സ്ഥാനാരോഹണം ചൊവ്വാഴ്ച

ജോർജ് കറുത്തേടത്ത്




ആകമാന സുറിയാനി സഭയുടെ 81-മത് കാതോലിക്കാ സ്ഥാനാരോഹണം, 2025 മാർച്ച് 25 (ചൊവ്വ), ലെബനനിലെ അച്ചാനെയിലെ പാത്രിയർക്കാ അരമനയോട് ചേർന്നുള്ള സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച്, ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യകഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതിയൻ പാത്രിയർക്കീസ് ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു.

യാക്കോബായ സുറിയാനി സഭയുടെ മലങ്കര മെത്രാപോലീത്തായും, പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസിഡന്റുമായ അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപോലീത്തായാണ് ഈ ശ്രേഷ്ഠ പദവിയിലേക്ക് ഉയർത്തപ്പെടുന്നത്. മലങ്കര സഭാ ചരിത്രത്തിൽ തന്നെ തങ്കലിപികളാൽ ചേർക്കപേടേണ്ട ചരിത്ര നിമിഷത്തിനായി സുറിയാനി സഭ ഒന്നടങ്കം കാതോർത്തിരിക്കുന്ന ഈ അനുഗ്രഹീത ചടങ്ങിൽ പങ്കുചേരുവാൻ അമേരിക്കൻ മലങ്കര അതിഭദ്രാസനാധിപൻ, അഭിവന്ദ്യ യൽദൊ

മോർ തീത്തോസ് മെത്രാപോലീത്തായുടെ നേതൃത്വത്തിൽ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ ഉൾപ്പെടുന്ന പ്രതിനിധി സംഘം ലെബനോനിലേക്ക് യാത്ര പുറപ്പെടുന്നു. പ്രതിനിധി സംഘത്തിൽ അഭിവന്ദ്യ മെത്രാപോലീത്താക്ക് പുറമെ, റവ.ഫാ.ജെറി ജേക്കബ്ബ്(ഭദ്രാസന സെക്രട്ടറി), ശ്രീ.ജോജി കാവനാൽ(ഭദ്രാസന ട്രഷറർ), റവ.ഫാ.പോൾ തോട്ടക്കാട്ട്, റവ.ഫാ.കുരിയാക്കോസ് പുതുപ്പാടി, റവ.ഫാ.ജോസഫ് വർഗീസ്, ശ്രീ.ജെനു മഠത്തിൽ, ശ്രീ.ജിൻസ് മാത്യു (കൗൺസിൽ മെംബേഴ്സ്) എന്നിവരും, വിവിധ ഇടവകളെ പ്രതിനിധീകരിച്ച് വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാർ, ബഹുമാനപ്പെട്ട വൈദീകർ, മറ്റു സഭാംഗങ്ങളും ഉൾപ്പെടുന്നു.



ലബനോൻ പ്രസിഡന്റ് ജനറൽ ജോസഫ് ഔൺ വിശിഷ്ട അതിഥിയായി പങ്കെടുക്കുന്ന ചടങ്ങളിൽ ലബനോനിലെ മറ്റു വിശിഷ്ട വ്യക്തികൾക്ക് പുറമേ ആകമാന സുറിയാനി സഭയിലെ മെത്രാപോലീത്താമാർ, ഇതര സഭാ മേലദ്ധ്യക്ഷൻമാർ, മെത്രാപോലീത്താമാർ, കേരള സംസ്ഥാന സർക്കാറിന്റെ ഔദ്യോഗിക പ്രതിനിധി സംഘം, കേന്ദ്രമന്ത്രി സഭയുടെ പ്രതിനിധികൾ, കേരളത്തിൽ നിന്നും വിദേശത്തുനിന്നുമുള്ള നൂറുകണക്കിന് വിശിഷ്ട വ്യക്തികളും പങ്കുചേരുന്നു.

നിയുക്ത കാതോലിക്കാ, അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപോലീത്ത, 1990-91 കാലഘട്ടത്തിൽ, വൈദീകനായിരിക്കുമ്പോൾ, അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിൽപ്പെട്ട ഡാളസ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നുള്ളതും ഏറെ ചാരിതാർത്ഥ്യത്തോടെ ഇത്തരണത്തിൽ സ്മരിക്കുകയാണ്.

അമേരിക്കൻ മലങ്ക അതിഭദ്രാസന പി.ആർ.ഓ. കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.





# പത്തൊൻപതാം വയസ്സിൽ പി.എച്ച്ഡി ചെയ്യുന്ന ടിയാറ തങ്കം എബ്രഹാം റോൾ മോഡൽ

'വിമൻസ് ഹിസ്റ്ററി മന്ത് ഈ മാർച്ച് മാസം ആചരിക്കുമ്പോൾ, ഇന്ത്യൻ അമേരിക്കൻ ടിയാറ തങ്കം എബ്രഹാം പുതു ചരിത്രം കുറിക്കുന്നു. കഴിഞ്ഞ മെയ് മാസത്തിൽ, പതിനെട്ടാം വയസ്സിൽ മാസ്റ്റർ ഓഫ് മ്യൂസിക് ബിരുദം നേടി ശ്രദ്ധനേടിയ ഈ കൊച്ചുമിടുക്കി പത്തൊൻപതാം വയസ്സിൽ പിഎച്ച്ഡി-യുടെ ഒന്നാം വർഷം പൂർത്തിയാക്കി വീണ്ടും അമ്പരപ്പിക്കുന്നു. ഇൻഡ്യാന യൂണിവേഴ്സിറ്റി ക്യാമ്പസിൽ നിന്ന് ബിരുദാനന്തര ബിരുദം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ വിദ്യാർത്ഥിനിയായി, ഏറ്റവും പ്രായം കുറഞ്ഞ ഡോക്ടറൽ വിദ്യാർത്ഥി എന്നിങ്ങനെ നേട്ടങ്ങളുടെ പരമ്പര സൃഷ്ടിക്കുമ്പോഴും ടിയാറ വിനയം കൈവിടുന്നില്ല. ഇൻഡ്യാന യൂണിവേഴ്സിറ്റിയിലെ പ്രശസ്തമായ ജേക്കബ്സ് സ്കൂൾ ഓഫ് മ്യൂസിക്കിലാണ് അവൾ ഡോക്ടറേറ്റിന് ചേർന്നിരിക്കുന്നത്. രൺവീർ സിങ്ങ് പഠിച്ച കോളജ് എന്നതുകൊണ്ട് ബോളിവുഡ് ആരാധകർക്ക് ഈ പേര് സുപരിചിതമാണ്. കലയെ ഉപാസിക്കുന്ന യുവതീയുവാക്കൾക്ക് ടിയാറ ഒരു 'റോൾ മോഡലാണ്'.

മൂത്ത സഹോദരൻ തനിഷ്ക് എബ്രഹാം സാൻ ഫ്രാൻസിസ്കോ ബോയ്സ് കോറസിൽ ആഴ്ചതോറുമുള്ള ക്ലാസുകളിൽ ഇരിക്കുമ്പോൾ ടിയാറയ്ക്കും അതിൽ താൽപര്യമുണ്ടെന്ന് തിരിച്ചറിഞ്ഞ് അമ്മ ഡോ. താജി എബ്രഹാമാണ് വെറും മൂന്ന് വയസ്സിൽ മകളെയും ഒപ്പം പഠനത്തിനിരുത്തിയത്. ആ അമ്മയ്ക്ക് തെറ്റുപറ്റിയില്ലെന്ന് കാലം തെളിയിച്ചു. 4 വയസ്സുള്ളപ്പോൾ മെൻസയിൽ ചേരാൻ ക്ഷണം ലഭിച്ചതിനെത്തുടർന്ന് സർട്ടിഫൈഡ് ചൈൽഡ് ജീനിയസ് ആയതാണ് ആദ്യമായി തേടിയെത്തിയ അംഗീകാരം. ഹോംസ്കൂളിങ്ങിനൊപ്പം 7 വയസ്സുള്ളപ്പോൾ ക്യാമ്പസ് കോളജുകളിൽ എൻറോൾ ചെയ്തു. ഇത്ര ചെറുപ്രായത്തിൽ കോളജ് വിദ്യാഭ്യാസം ആരംഭിച്ചത് പലരും സംശയത്തോടെയാണ് നോക്കിക്കണ്ടത്.

പ്രായത്തിനപ്പുറമുള്ള ഒരു അക്കാദമിക് അന്തരീക്ഷത്തിൽ മുന്നേറുക എന്നത് ഒട്ടും എളുപ്പമായിരുന്നില്ല. അചഞ്ചലമായ സമർപ്പണത്തിലൂടെയും അഭിനിവേശത്തിലൂടെയുമാണ് അവൾ



**തന്നെ സ്വാധീനിച്ച വനിതകൾ ആരെന്ന ചോദ്യത്തിന് ഉത്തരം തേടി അവൾക്ക് ദൂരേയ്ക്ക് പോകേണ്ടതില്ല.1960 കളുടെ മധ്യത്തിൽ ഇന്ത്യയിൽ നിന്ന് പിഎച്ച്ഡി നേടുന്ന ആദ്യത്തെ വനിതാ വെറ്ററിനറി ഡോക്ടറായി മാറിയ മുത്തശ്ശി ഡോ. തങ്കം മാത്യുവും വെറ്ററിനറി ഡോക്ടർ എന്ന കരിയർ ഉപേക്ഷിച്ച് മകളെ വീട്ടിലിരുത്തി പഠിപ്പിച്ച അമ്മ ഡോ. താജി എബ്രഹാമുമാണ് അവളുടെ റോൾ മോഡൽസ്.**




തടസ്സങ്ങളെ മറികടന്നുകൊണ്ട് പ്രായം മികവിന് ഒരു പരിമിതിയുമല്ലെന്ന് തെളിയിച്ചത്. 19 വയസ്സുള്ള ഒരു ഒപ്പേറ ഗായികയും ഡോക്ടറൽ വിദ്യാർത്ഥിയുമായി തല ഉയർത്തിനിൽക്കാൻ ടിയാറയെ പ്രാപ്തയാക്കിയത് അവളുടെ സ്ഥിരോത്സാഹവും ദൃഢനിശ്ചയവുമാണ്.

കഴിഞ്ഞ വർഷം ബയോമെഡിക്കൽ എഞ്ചിനീയറിംഗിൽ പിഎച്ച്ഡി നേടിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായി സഹോദരൻ തനിഷ്കും ചരിത്രം സൃഷ്ടിച്ചിരുന്നു.

അബുദാബിയിൽ നടന്ന എക്സ്പ്ലോറൻസ് 2024-ൽ ഇൻഡ്യാന യൂണിവേഴ്സിറ്റിയെ ആഗോള വേദിയിൽ പ്രതിനിധീകരിച്ച് പങ്കെടുത്തതാണ് യാത്രയിലെ മറ്റൊരു പൊൻതൂവൽ. ജീവിതത്തിൽ മുന്നേറിയ 3,500-ലധികം പേർ തങ്ങളുടെ യാത്ര വിവരിച്ചിട്ടുള്ള ടെഡ് പോലുള്ള അന്താരാഷ്ട്ര പരിപാടിയിലും അവൾക്ക് പ്രചോദനാത്മകമായി സംസാരിക്കാൻ സാധിച്ചു. മുൻ ഊർജ്ജ അണ്ടർ സെക്രട്ടറി ഡോ. സ്റ്റീവൻ ചു , നോബൽ സമ്മാന ജേതാക്കൾ , ശ്രദ്ധേയരായ കലാകാരന്മാർ, പ്രശസ്ത ശാസ്ത്രജ്ഞർ എന്നിവർക്കൊപ്പം അവൾ വേദി പങ്കിട്ടു. സാങ്കേതികവിദ്യയും ശാസ്ത്രീയ സംഗീതവും സമന്വയിപ്പിച്ചുകൊണ്ട് 'ണവലി അക ഒലലേ ഛുലൃമ' എന്ന പ്രസംഗത്തിലൂടെ ടിയാറ പ്രേക്ഷകരെ ആകർഷിച്ചു, തുടർന്ന് നിരവധി അതിശയകരമായ പ്രകടനവും സ്റ്റേജിൽ നടത്തി.

തന്റെ അസാമാന്യമായ കഴിവുകൊണ്ട്, ന്യൂ യോർക്കിലെ കാർണഗീ ഹാളിലും, വിയന്നയിലെ മത്സര വേദിയിലും വിജയിക്കുകയും ദേശീയഗാനം ആലപിക്കാനുള്ള ക്ഷണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. സാൻ ഫ്രാൻസിസ്കോ ജയന്റ്സിനായി രണ്ടുതവണ ദേശീയഗാനം ആലപിക്കാനും, കാലിഫോർണിയ ഡേവിസ് സർവകലാശാലയിലും ഐയു ബ്ലൂമിംഗ്ടണിലും നടന്ന ബിരുദദാന ചടങ്ങുകൾ ഉൾപ്പെടെ നിരവധി ഇടങ്ങളിൽ ദേശീയഗാനം ആലപിക്കാനും ടിയാറയ്ക്ക് ക്ഷണം ലഭിച്ചിട്ടുണ്ട്. മെമ്മറി കെയറിലും സീനിയർ കെയർ സെന്ററുകളിലും പാടുന്നതും ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി പെർഫോം ചെയ്യുന്നതും അവൾ ഏറെ ഇഷ്ടപ്പെടുന്നു. പള്ളിയിലെ ക്വയറിലും സജീവമാണ്.

പതിനേഴാം വയസ്സിൽ ഡോൺ ജിയോവാനിയിലെ സെർലിന എന്ന കഥാപാത്രമായി ഇറ്റലിയിലെ ഫ്ലോറൻസിൽ നടന്ന സമ്മർ ഒപേറ പ്രോഗ്രാമിലൂടെയാണ് ആ രംഗത്തെ അരങ്ങേറ്റം. തുടർന്ന് അടുത്ത വർഷം ചിക്കാഗോ സമ്മർ ഒപേറയിൽ ഡിഡോ & ഐനിയസിൽ ബെലിൻഡയെ അവതരിപ്പിച്ചു. മാർച്ച് 8 ന് ഐയു ബ്ലൂമിംഗ്ടണിലെ മ്യൂസിക്കൽ ആർട്സ് സെന്ററിൽ ബെഞ്ചമിൻ ബ്രിട്ടന്റെ 'ടേൺ ഓഫ് ദി സ്ക്രൂ' എന്ന നാടകത്തിലെ ടിയാറ തന്റെ ആദ്യ പ്രധാന വേഷം അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ്. മാർച്ച് 14 ന് ഐയു ബ്ലൂമിംഗ്ടണിലെ സൈമൺ സെന്ററിൽ തന്റെ ആദ്യത്തെ ഡോക്ടറൽ വോയ്സ് റിസൈറ്റലും നൽകി .

ടിയാറയുടെ അസാമാന്യ കഴിവിനെ അംഗീകരിച്ചുകൊണ്ട്, സൗത്ത് സെൻട്രൽ ഇന്ത്യാനയിൽ നിന്നുള്ള യുവ സംഗീതജ്ഞർക്കും പ്രതിഭകൾക്കും ടിയാറ എബ്രഹാം അച്ചീവ്മെന്റ് അവാർഡ് എന്ന പേരിൽ ബഹുമതി ഏർപ്പെടുത്തിയിട്ടുണ്ട് . ഈ വർഷം അർഹതയുള്ള ഒരു വ്യക്തിക്ക് തന്റെ പേരിലുള്ള അവാർഡ് സമ്മാനിക്കാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ് ഈ പത്തൊമ്പതുകാരി.

തന്നെ സ്വാധീനിച്ച വനിതകൾ ആരെന്ന ചോദ്യത്തിന് ഉത്തരം തേടി അവൾക്ക് ദൂരേയ്ക്ക് പോകേണ്ടതില്ല.1960 കളുടെ മധ്യത്തിൽ ഇന്ത്യയിൽ നിന്ന് പിഎച്ച്ഡി നേടുന്ന ആദ്യത്തെ വനിതാ വെറ്ററിനറി ഡോക്ടറായി മാറിയ മുത്തശ്ശി ഡോ. തങ്കം മാത്യുവും വെറ്ററിനറി ഡോക്ടർ എന്ന കരിയർ ഉപേക്ഷിച്ച് മകളെ വീട്ടിലിരുത്തി പഠിപ്പിച്ച അമ്മ ഡോ. താജി എബ്രഹാമുമാണ് അവളുടെ റോൾ മോഡൽസ്. സ്വപ്നങ്ങൾ നിരന്തരം പിന്തുടരണമെന്ന് അമ്മയെ പഠിപ്പിച്ച മുത്തശ്ശി തങ്കം മാത്യു കൊച്ചുമകളുടെ ഈ നേട്ടങ്ങൾ കാണാൻ ജീവിച്ചിരിപ്പില്ല എന്നതാണ് കുടുംബത്തിന്റെ വലിയ ദുഃഖം. അവരുടെ അനുഗ്രഹമാണ് തന്റെ ചുവടുകൾക്ക് കരുത്താകുന്നതെന്ന് ടിയാറ വിശ്വസിക്കുന്നു.


MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply

# മേഴ്സി അലക്സാണ്ടർക്ക് ഡെയ്സി ലീഡർ അവാർഡ്




ഡാളസ്: ഭൂമിയിലെ മാലാഖമാരാണ് എന്നാണ് ആതുരസേവന രംഗത്തു പ്രവർത്തിക്കുന്നവരെ വിശേഷിപ്പിക്കുന്നത്. സ്നേഹപൂർവമായ പരിചരണവും സാന്ത്വനവും കൊണ്ട് മരുന്നായി മാറുന്നവരാണ് നഴ്സുമാർ . അത്തരത്തിൽ ഒരാളാണ് നേഴ്സ് മേഴ്സി അലക്സാണ്ടർ .

കഴിഞ്ഞ ആഴ്ച, യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് സൗത്ത്വെസ്റ്റേൺ മെഡിക്കൽ സെന്റർ, മെഴ്സി അലക്സാണ്ടറെ (M.S.N., RN, AMB-BC) ഡെയ്സി ലീഡർ അവാർഡ് ജേതാവായി അംഗീകരിക്കുകയുണ്ടായി. മെഴ്സി 30 വർഷത്തിലേറെയായി നഴ്സായി സേവനമനുഷ്ഠിക്കുകയാണ്. 2022 മാർച്ചിലാണ് UTSWയിൽ ചേർന്നത്. നിലവിൽ മിനറൽ മെറ്റബോളിസം ക്ലിനിക്കിന്റെ നഴ്സിംഗ് സൂപ്പർവൈസറാണ്. ‘ജോലികൾ പൂർത്തിയാക്കാൻ കൂടുതൽ പരിശ്രമിക്കുകയും അവരുടെ എല്ലാ പ്രവർത്തനങ്ങളിലും സമർപ്പണം പ്രകടിപ്പിക്കുകയും ചെയ്യുന്ന ഒരാൾ‘ എന്നാണ് മെഴ്സിയെ നാമനിർദ്ദേശം ചെയ്തയാൾ അവരെ വിശേഷിപ്പിച്ചത്.

UTSWലെ പ്രവർത്തന കാലയളവിൽ, മെഴ്സി ‘ക്ലിനിക്കിന്റെ ആവശ്യങ്ങൾ വിലയിരുത്തുകയും അവ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ നിർദ്ദേശിക്കുകയും മികച്ച രോഗി പരിചരണത്തിനായി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. അവരുടെ നേതൃത്വം വിവിധ ടീമുകളുമായുള്ള സഹകരണം സുഗമമാക്കുന്നതിനു സഹായിക്കുന്നതായിരുന്നു. ഇത് പുതിയ എസ്എം ഓ -കൾ, ഓർഡർ സെറ്റുകൾ, മെച്ചപ്പെട്ട രോഗി പ്രവേശനം എന്നിവയിലേക്ക് നയിച്ചു. ചിട്ടയായ ഓൺബോർഡിംഗും പരിശീലനവും സ്ഥാപിക്കുന്നതിൽ മെഴ്സി വിജയിച്ചു. അതുകൊണ്ടുതന്നെ ഇത് ജീവനക്കാരുടെ മനോവീര്യം വർദ്ധിപ്പിക്കുകയും സ്റ്റാഫ് ടേൺഓവർ കുറക്കുകയും ചെയ്തു, 89% ഗ്ലിന്റ് സർവേ സ്കോർ ഇതിന് മികച്ച ഉദാഹരണമാണ്.‘ പ്രൊവൈഡർ ടീമുമായുള്ള മെഴ്സിയുടെ പങ്കാളിത്തം ഗണ്യമായ മെച്ചപ്പെടുത്തലുകൾക്ക് കാരണമായി, അക്യൂട്ട് എൻകൗണ്ടർ ഫലങ്ങൾ 35% ൽ നിന്ന് 96% ലേക്ക് വർദ്ധിപ്പിച്ചു എന്നും അവരുടെ നോമിനേറ്റർ അഭിപ്രായപ്പെടുകയുണ്ടായി .

മെഴ്സിയുടെ രോഗികളിൽ ഒരാൾ ഒരു പാക്ക്കാർഡിൽ എഴുതിയത് ഇപ്രകാരമായിരുന്നു :

‘മെഴ്സി മിസ്, കുറിപ്പിനും നിങ്ങളുടെ ക്ഷമയ്ക്കും ദയയ്ക്കും നന്ദി, രണ്ട് വ്യത്യസ്ത ഡോക്ടർമാരുടെ ഓഫീസുകളിൽ നിന്നുള്ള രക്തപരിശോധനകൾ നിർണ്ണയിക്കാൻ അധിക സമയം ചെലവഴിച്ചതിനും നന്ദി. നിങ്ങൾ ശരിക്കും ഒരു ‘കരുണയുടെ മാലാഖ‘ ആണ്. രക്തം എടുക്കുന്നതിനായി എന്നെ ചെക്ക് ഇൻ ചെയ്യുന്നതിനപ്പുറം നിങ്ങൾ പ്രവർത്തിച്ചു. നിങ്ങളുടെ സ്ഥാനത്ത് ആവശ്യമുള്ള വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിലും രോഗികളുമായി കാര്യങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിലും നിങ്ങൾ ഒരു മികച്ച വ്യക്തിയാണ് .നിങ്ങൾക്ക് വളരെയധികം നന്ദി. നിങ്ങൾക്ക് ഒരു നല്ല ആഴ്ച ആശംസിക്കുന്നു.‘

തന്റെ ജോലിയിൽ താൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത്, പ്രായമായ രോഗികളുമായുള്ള ഇടപെടലുകളാണ് . അവരിൽ പലർക്കും കേൾക്കാൻ ഒരാളെയും, അവർക്ക് ഒപ്പം ഉണ്ടാകാനും അതുവഴി അവർക്ക് മാർഗ്ഗനിർദ്ദേശം നല്കാൻ കഴിയുന്ന ഒരാളെയുമാണ് ആവശ്യം . അവർക്ക് ആശ്വാസം നൽകാനും അവർ നന്നായി പരിചരിക്കപ്പെടുമെന്ന് അവരെ അറിയിക്കാനും കഴിയുന്ന ആ വ്യക്തിയാകാൻ താൻ ഇഷ്ടപ്പെടുന്നു എന്നാണ് മേഴ്സി പറയുന്നത്.

മേഴ്സി ജനിച്ചതും വളർന്നതും നാഗ്പൂരിലാണ് (മഹാരാഷ്ട്ര), പക്ഷേ സ്വദേശം പത്തനാപുരമാണ്. നാഗ്പൂരിലെ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നായിരുന്നു നഴ്സിംഗ് പഠനം. ഭർത്താവ് അലക്സാണ്ടർ ഗീവർഗീസ് മകൻ മെൽവിൻ അലക്സാണ്ടർ, മകൾ മെറിലിൻ അലക്സാണ്ടർ എന്നിവരടങ്ങുന്നതാണ് മേഴ്സിയുടെ കുടുംബം.

കർമ്മമേഖലയിൽ മുൻപും നിരവധി അവാർഡുകൾ മേഴ്സിക്ക് ലഭിച്ചിട്ടുണ്ട് .

2017-ൽ നേതൃത്വത്തിനുള്ള ഡി മാഗസിൻ എക്സലൻസ് ഇൻ നഴ്സിംഗ് അവാർഡും 2018-ൽ DFW ഗ്രേറ്റ് 100 നഴ്സ് അവാർഡും. മേഴ്സിയുടെ കർമ്മബോധത്തിനും അർപ്പണമനോഭാവത്തിനും ലഭിച്ച അംഗീകാരം തന്നെയാണ് ഈ അവാർഡുകൾ .

ഒപ്പം പള്ളിയിലെ പ്രവർത്തനങ്ങൾക്കും, മീൽസ് ഓൺ വീൽസ്, നോർത്ത് ടെക്സാസ് ഫുഡ് ബാങ്ക്, സ്കേർഡ് ഹാൻഡ്സ് ഓഫ് കോപ്പ് ഇന്ത്യ മിനിസ്ട്രീസ് തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സമയം നൽകുന്നതിൽ മേഴ്സി സംതൃപ്തി കണ്ടെത്തുന്നു.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ


THE BIGGEST JEWELLERY SALE
THE INCREDIBLE FLAT
50%
OFF
ON MAKING CHARGES
FOR GOLD, DIAMONDS, POLKI & PRECIOUS JEWELLERY
EASY PAYMENT PLANS
joyalukkas.com
Joyalukkas
World's favourite Jeweller
ATLANTA
NEW JERSEY
HOUSTON
CHICAGO
DALLAS

# മുഹമ്മദ് കുട്ടി വിശാഖം നക്ഷത്രം



സുനിൽ വല്ലാത്തറ ഫ്ലോറിഡാ

മലയാള സിനിമയിലെ മഹാരാഥന്മാർ ആയ മമ്മൂട്ടിയും മോഹൻലാലും എഴുപതുകളിൽ സിനിമയിൽ എത്തിയെങ്കിലും ശ്രദ്ധിക്കപെടുന്ന വേഷങ്ങൾ ചെയ്തു തുടങ്ങിയത് എൺപതുകളുടെ ആരംഭത്തിൽ ആണ്

സുകുമാരൻ നായകൻ ആയി അഭിനയിച്ച വിൽക്കാനുണ്ട് സ്വപ്നങ്ങൾ എന്ന ചിത്രത്തിലെ നാട്ടുമ്പുറത്തുകാരൻ ഗോവിന്ദൻകുട്ടി എന്ന കഥാപാത്രം ആണ് മമ്മൂട്ടിയെ മലയാള സിനിമ പ്രേമികൾ അറിഞ്ഞു തുടങ്ങിയതെങ്കിൽ ഫാസിൽ സംവിധാനം ചെയ്തു ശങ്കറും പൂർണിമ ജയറാമും നായിക നായകന്മാർ ആയി അഭിനയിച്ച മഞ്ഞിൽ വിരിഞ്ഞ പൂക്കളിലെ വില്ലൻ കഥാപാത്രം നരേന്ദ്രൻ ആണ് മോഹൻലാലിനെ പ്രശസ്തൻ ആക്കിയത്

തുടർന്ന് നവോദയയുടെ പടയോട്ടം ഉൾപ്പെടെ ഏതാണ്ട് അമ്പതോളം ചിത്രങ്ങളിൽ ഇരുവരും ഒന്നിച്ചഭിനയിച്ചു

ഐ വി ശശി, പദ്മരാജൻ, ഭരതൻ, ജോഷി, ശശികുമാർ, പി ജി വിശ്വംഭരൻ തുടങ്ങിയ പ്രതിഭകൾ ആയ സംവിധായകരുടെ ചിത്രങ്ങളിൽ അഭിനയിക്കുവാൻ അവസരം ലഭിച്ചതാണ് ഇരുവർക്കും എൺപതുകളിൽ മലയാള സിനിമയുടെ ഉയരങ്ങളിൽ എത്തുവാൻ സാധിച്ചത്

തമ്പി കണ്ണന്താനം സംവിധാനം ചെയ്ത് എൺപത്തിയാറിൽ പുറത്തിറങ്ങിയ സൂപ്പർ ഹിറ്റ് സിനിമ രാജാവിന്റെ മകനിലെ നായക കഥാപാത്രം വിൻസൺ ഗോമസ് മോഹൻലാലിനെ മലയാള സിനിമയിലെ സൂപ്പർ സ്റ്റാർ ആക്കിയപ്പോൾ തുടരെ തുടരെ സിനിമകൾ പരാജയപ്പെട്ടിരുന്ന മമ്മൂട്ടിയെ രക്ഷപ്പെടുത്തിയത് സൂപ്പർ സംവിധായകൻ ജോഷിയാണ്. എൺപ്പത്തിഎഴിൽ ജോഷി സംവിധാനം ചെയ്തു പുറത്തിറങ്ങിയ ന്യൂഡൽഹി എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിലെ നായക കഥാപാത്രം ആണ് മമ്മൂട്ടിയെ മലയാള സിനിമയിലെ സൂപ്പർ സ്റ്റാർ ആക്കിയതും സിനിമയിൽ രണ്ടാം ജന്മം നൽകിയതും



പിന്നീട് ഇരുവർക്കും തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല രാജാവിന്റെ മകന് ശേഷം വന്ന ഇരുപതാം നൂറ്റാണ്ടും നാടോടിക്കാറ്റും ഹിസ്ഹൈനെസ് അബ്ദുള്ള തുടങ്ങിയ അര ഡസൻ മോഹൻലാൽ ചിത്രങ്ങൾ ബോക്സ്ഓഫീസ് ഹിറ്റായപ്പോൾ ന്യൂഡൽഹിക്ക് ശേഷം പുറത്തി

**ഇങ്ങനെ ഒക്കെ ആണെങ്കിലും ഇരുവരും തമ്മിലുള്ള സൗഹൃദത്തിന് ഇതുവരെയും ഒരുകോട്ടവും വന്നിട്ടില്ലെന്നാണ് സിനിമ മേഖലയിൽ ഉള്ള സംസാരം. അത് ഇരുവർക്കും ഒരുകാലത്തു മുന്നോട്ടു പോകുന്നതിനു തടസമായി നിന്ന പ്രതിഭകൾ ആയിരുന്ന നടൻമാർ ആയ തുഷാരം ഫെയിം രതീഷിനെയും മഞ്ഞിൽ വിരിഞ്ഞ പൂക്കൾ നായകൻ ശങ്കറിനെയും യുവതി യുവാക്കളുടെ ഹരമായിരുന്ന റെഹ്‌മാനെയും ഒതുക്കുന്നതിലും ഇരുവർക്കും ഒരേ മനസായിരുന്നു എന്നാണ് പിന്നാമ്പുറ സംസാരം**



റങ്ങിയ ഐ വി ശശിയുടെ മൃഗയ കെ മധുവിന്റെ സി ബി ഐ ഡയറിക്കുറുപ്പു എം ടി വാസുദേവൻ നായരുടെ തിരക്കഥയിൽ രൂപപ്പെട്ട ഒരു വടക്കൻ വീരഗാഥാ തുടങ്ങി കുറെ അധികം സൂപ്പർ ഹിറ്റ് ചിത്രങ്ങൾ മമ്മൂട്ടിയുടേതായി പുറത്തിറങ്ങി

ഇരുവരും സൂപ്പർ സ്റ്റാറുകൾ ആയതോടെ ഇരുവർക്കും ഫാൻസ് ക്ലബ്ബ്കളും ഗ്രൂപ്പുകളും കേരളം മുഴുവൻ ഉണ്ടായി തുടങ്ങി. ഫാൻസുകളുടെ അതിപ്രസരവും ഇരുവരും തമ്മിലുള്ള മത്സര ബുദ്ധിയും ഇരുവരുടെയും ഫാൻസുകൾ തമ്മിൽ പല നഗരങ്ങളിലും ഏറ്റുമുട്ടലുകൾ വരെ പതിവായി. പ്രത്യേകിച്ച് വിഷു, ഓണം, ക്രിസ്മസ് പോലുള്ള ഉത്സവ സീസണുകളിൽ ഇരുവരുടെയും സിനിമകൾ ഒരുമിച്ചു റീലീസ് ആകുമ്പോൾ

എൺപത്തി ഒൻപതിൽ മോഹൻലാലിന്റെ ഹിറ്റ് സിനിമ ഹിസ്ഹൈനെസ് അബ്ദുള്ള എറണാകുളം മൈമൂണിൽ റീലീസ് ചെയ്തപ്പോൾ മമ്മൂട്ടിയുടെ സൂപ്പർ ഹിറ്റ് ഒരു വടക്കൻ വീരഗാഥാ എറണാകുളം കവിതയിൽ ആണ് റീലീസ് ചെയ്തത് ഇരുവരുടെയും ഫാൻസുകാർ രണ്ടു തീയേറ്ററിലും മാറി മാറി വന്നു ഏറ്റുമുട്ടിയപ്പോൾ പോലീസിന് ലാത്തി ചാർജ് ചെയ്യേണ്ടി വന്നു. രണ്ടായിരത്തി ഒന്നിൽ രഞ്ജിത് സംവിധാനം ചെയ്തു മോഹൻലാൽ നായകൻ ആയ രാവണപ്രഭു കോട്ടയം അഭിലാഷിലും സൂപ്പർ സംവിധായകൻ വിനയന്റെ മമ്മൂട്ടി ചിത്രം രാക്ഷസരാജാവ് തൊട്ടടുത്ത ആനന്ദ് തീയേറ്ററിലും ഒരുമിച്ചു ഒരു ഓണക്കാലത്തു റീലീസ് ചെയ്തപ്പോൾ ഫാൻസുകാർ തമ്മിലുള്ള ഏറ്റുമുട്ടൽ ഒരാഴ്ച നീണ്ടു

ഇങ്ങനെ ഒക്കെ ആണെങ്കിലും ഇരുവരും തമ്മിലുള്ള സൗഹൃദത്തിന് ഇതുവരെയും ഒരുകോട്ടവും വന്നിട്ടില്ലെന്നാണ് സിനിമ മേഖലയിൽ ഉള്ള സംസാരം. അത് ഇരുവർക്കും ഒരുകാലത്തു മുന്നോട്ടു പോകുന്നതിനു തടസമായി നിന്ന പ്രതിഭകൾ ആയിരുന്ന നടൻമാർ ആയ തുഷാരം ഫെയിം രതീഷിനെയും മഞ്ഞിൽ വിരിഞ്ഞ പൂക്കൾ നായകൻ ശങ്കറിനെയും യുവതി യുവാക്കളുടെ ഹരമായിരുന്ന റെഹ്‌മാനെയും ഒതുക്കുന്നതിലും ഇരുവർക്കും ഒരേ മനസായിരുന്നു എന്നാണ് പിന്നാമ്പുറ സംസാരം



മലയാള സിനിമയിലെ കരുത്തന്മാരും ബലാത്സംഗ കേസിലെ പ്രതികളുമായ മുഖേഷുമായും സിദ്ധിക്കുമായും ഇരുവർക്കും സഹോദര തുല്യമായ അടുപ്പമാണുള്ളത്. കഴിഞ്ഞ ഒരു പതിനഞ്ചു വർഷത്തിനുള്ളിൽ സിദ്ധിക്ക് അഭിനയിക്കാത്ത മമ്മൂട്ടി ചിത്രം ആണെങ്കിലും മോഹൻലാൽ ചിത്രം ആണെങ്കിലും വിരളമാണ്

മലയാള സിനിമ താരങ്ങളുടെ സംഘടന ആയ അമ്മയിൽ പല ഗ്രൂപ്പുകളും പ്രശ്നങ്ങളും ഉണ്ടെങ്കിലും മമ്മൂട്ടിയും മോഹൻലാലും തമ്മിൽ ഒരു മിനിട്ട് സംസാരിച്ചാൽ എല്ലാം കെട്ടടങ്ങും എന്നാണ് കാലം തെളിയിച്ചിരിക്കുന്നത്

കോടികൾ മുടക്കി നിർമ്മിച്ചു രാജ്യാന്തര തലത്തിൽ റീലീസിന് ഒരുങ്ങുന്ന ബിഗ് ബഡ്ജറ്റ് മോഹൻലാൽ പ്രിഥ്വിരാജ് കൂട്ടുകെട്ട് സിനിമ എമ്പുരാൻ ലോകം എമ്പാടുമുള്ള മലയാള സിനിമ പ്രേക്ഷകർ പ്രതീക്ഷയോടെ കാത്തിരിക്കുമ്പോൾ രോഗബാധിതൻ ആണെന്ന് വാർത്തകൾ വരുന്ന മമ്മൂട്ടിക്ക് വേണ്ടി മോഹൻലാൽ ശബരിമലയിൽ വഴിപാട് നടത്തിയത് എമ്പുരാൻന്റെ വിജയത്തെ എങ്ങെനെ സ്വാധീനിക്കുമെന്ന് കാത്തിരിക്കാം

JOYFUL
HOME CARE

Caring for your loved ones with a joyful spirit

With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us

24/7 Service Available

631-737-1000

MAIN OFFICE:
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com www.joyfulhomecare.com

QUEENS OFFICE:
201-16 Hillside Ave, Hollis, NY 11423

Joy Mekkatte, CEO

SERVING SUFFOLK NASSAU AND QUEENS COUNTY

JOYFUL CAREER CENTER

Joyful Career Center

Joyful Career Center is a DOE-licensed school

Do you want to change your Caregiver from PA to PCA?

Apply Online or Call Today!

www.joyfulcareercenter.com
info@joyfulcareercenter.com

PCA, HHA & CNA CERTIFICATION PROGRAM

631-935-0440
1344 Middle Country Rd
Centereach, NY 11720



KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# മാർത്തോമ്മാ ഫാമിലി കോൺഫ്രൻസിൻറെ റെജിസ്ട്രേഷൻ ന്യൂ ജേഴ്സിയിൽ പുരോഗമിക്കുന്നു




ജീമോൻ റാന്നി

മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റിയിൽ നിന്നുള്ള ഓരോ സംഘങ്ങൾ ഫെബ്രുവരി 16, 23 മാർച്ച് 2 എന്നീ തീയതികളിൽ ന്യൂ ജേർസിയിലുള്ള സെൻറ്. സ്റ്റീഫൻസ്, റെഡീമർ, സെന്റ്. പീറ്റേഴ്സ്, സീയോൺ മുതലായ ഇടവകകൾ സന്ദർശിച്ചു. ഇടവക വികാരിമാരായ റവ. അരുൺ എസ്സ്. വർഗീസ്, റവ. ജെസ്സ് എം. ജോർജ്, റവ. ടി.എസ്സ്. ജോൺ, എന്നിവർ സന്ദർശകരെ അതാതു ഇടവകകളിലേക്കു സ്വാഗതം ചെയ്തു.

കോൺഫ്രൻസിൻറെ സ്ഥലം, തീയതി, പ്രസംഗകർ, കോൺഫ്രൻസ് തീം, സുവനീറിന്റെ വിശദാംശങ്ങൾ, ആദ്യമായി ഉൾപ്പെടുത്തിയിട്ടുള്ള സ്പോൺസർഷിപ്പ് പാക്കേജ് അതിലെ ആകർഷണീയമായ അവസരങ്ങൾ, ഫാമിലി കോൺഫ്രൻസിൽ ഇദംപ്രഥമമായി ക്രമീകരിക്കുന്ന ഇംഗ്ലീഷ് ട്രാക്, ഭിന്നശേഷിയുള്ളവർക്കുള്ള ട്രാക് എന്നിവയെപ്പറ്റി വിവിധ കൺവീനർമാർ പ്രസ്താവന നടത്തി.

ജൂലൈ മാസം 3 മുതൽ 6 വരെ ലോ



ങ്ങ് ഐലൻഡ് മെൽവിൽ മാരിയറ്റ് ഹോട്ടലിൽ വെച്ച് നടക്കുന്ന കോൺഫ്രൻസിലേക്കു എല്ലാവരെയും സ്വാഗതം ചെയ്യുകയും ഇടവകകൾ നൽകിയ മികച്ച പിന്തുണക്ക് ഇടവക വികാരിമാരോടും ഇടവകാംഗങ്ങളോടും കോൺഫറൻസ് ടീം ഹൃദയംഗമായ നന്ദി അറിയിച്ചു.

തോമസ് ജേക്കബ് (ഷാജി), ശാമുവേൽ കെ. ശാമുവേൽ,? ചെറിയാൻ വർഗീസ്, ജിജി ടോം, ഡോ.ബെറ്റ്സി മാത്യു, തോമസ് ഉമ്മൻ, ഷേർളി തോമസ്, ഏബ്രഹാം തരിയത്, ജിഷു ശാമുവേൽ, ദിലീപ് മാത്യു, തോമസ് ബിജേഷ്, ലിബിൻ വർഗീസ്, ബീനാ ജോൺ, റിയാ വർഗീസ്, മേരിക്കുട്ടി ഏബ്രഹാം, എന്നിവർ സന്ദർശക ടീമുകളിലുണ്ടായിരുന്നു.














LAWSON travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907



# പോകാം, ഭൂമിയിലെ സ്വർഗത്തിലേയ്ക്ക്; സന്തോഷത്തിന്റെ ലോക തലസ്ഥാനത്തേയ്ക്ക്...

**എ.എസ് ശ്രീകുമാർ**

സന്തോഷവും ഫിൻലൻഡും സയാമീസ് ഇരട്ടകളാണ്. സന്തോഷം വിട്ട് ഫിൻലൻഡിനും ഫിൻലൻഡില്ലാതെ സന്തോഷത്തിനും നിലനിൽപ്പില്ല. സന്തോഷമില്ലാതെ എന്ത് ഫിൻലൻഡ്... തുടർച്ചയായി എട്ടാം വർഷവും ഐക്യരാഷ്ട്രസഭയുടെ വേൾഡ് ഹാപ്പിനെസ് റിപ്പോർട്ടിൽ ഫിൻലൻഡ് ഒന്നാതെത്തിയിരിക്കുന്നു. ഓക്സ്ഫോർഡ് സർവകലാശാലയിലെ വെൽബീയിംഗ് റിസർച് സെന്റർ പുറത്തുവിട്ട റിപ്പോർട്ടിലാണ് നോർഡിക് രാജ്യങ്ങളായ ഡെൻമാർക്ക്, ഐസ്‌ലൻഡ്, സ്വീഡൻ ഇവയെ പിന്തള്ളി ഫിൻലൻഡ് സന്തോഷക്കൊടുമുടിയിൽ സ്ഥിരവാസമുറപ്പിച്ചിരിക്കുന്നത്.

അതേസമയം, 143 രാജ്യങ്ങളുള്ള പട്ടികയിൽ 2012-ൽ 11-ാം സ്ഥാനം വരെ എത്തിയ അമേരിക്ക 24-ാം സ്ഥാനത്തേക്കു മൂക്കുകുത്തി. 23-ാം റാങ്ക് നേടിയ ബ്രിട്ടനെക്കാളും പിന്നിലാണ് യു.എസ്. നമ്മുടെ ഇന്ത്യയുടെ സ്ഥാനം കേൾക്കണോ...118 ആണ്. കഴിഞ്ഞ തവണത്തെ 126-നെക്കാൾ മെച്ചപ്പെട്ടതിൽ ഇന്ത്യക്കാർക്കും സന്തോഷിക്കാം. 2022-ൽ നേടിയ 94-ാം സ്ഥാനമാണ് ഇന്ത്യയുടെ മികച്ച സ്കോർ. തയ്‌വാൻ ഏഷ്യൻ രാജ്യങ്ങളിലെ മികച്ച സന്തോഷ ഇടമായി, 27-ാം റാങ്ക്.

സന്തോഷത്തിനുള്ള ആറ് ഘടകങ്ങളായ സാമൂഹിക പിന്തുണ, പ്രതിശീർഷ ജി.ഡി.പി, ആരോഗ്യ-ആയുർദൈർഘ്യം, സ്വാതന്ത്ര്യം, ദയ, അഴിമതിയെക്കുറിച്ചുള്ള ധാരണ എന്നിവയാണ് വേൾഡ് ഹാപ്പിനെസ് റിപ്പോർട്ടിൽ പരിഗണിക്കുന്നത്. കുറവുകൾക്ക് പ്രാധാന്യം നൽകാതെ അവരവർക്കുള്ളതു കൊണ്ട് സന്തോഷത്തോടെ ജീവിക്കുന്നവരാണ് ഫിൻലൻഡ് ജനതയെന്നും പട്ടികയിൽ ഒന്നാം സ്ഥാനം നേടാൻ സഹായിച്ചത് ഈ ഘടകമാണെന്നും റിപ്പോർട്ടിൽ പറയുന്നു. പരിസ്ഥിതിയുമായി ഇണങ്ങിയുള്ള ജീവിതത്തിനാണ് ഫിന്നിഷ് ജനത മുൻതൂക്കം നൽകുന്നത്. പരസ്പരമുള്ള വിശ്വാസത്തിനും മനുഷ്യബന്ധത്തിനും ഇവർ മൂല്യം കൽപ്പിക്കുന്നു.

പ്രകൃതിയുമായുള്ള ആത്മബന്ധമാണ് തങ്ങളുടെ സന്തോഷത്തിന്റെ രഹസ്യമെന്നാണ് ഫിൻലൻഡുകാർ ഹൃയത്തിൽ തൊട്ട് പറയാറുള്ളത്. നോർഡിക്ക് രാജ്യങ്ങളിൽ ഉൾപ്പെടുന്ന വടക്കൻ യൂറോപ്യൻ രാജ്യമാണ് ഫിൻലൻഡ്. പടിഞ്ഞാറ് സ്വീഡനുമായും, കിഴക്ക് റഷ്യയുമായും, വടക്ക് നോർവേയുമായും, തെക്ക് എസ്റ്റോണിയയുമായും അതിർത്തി പങ്കിടുന്നു. ഹെൽസിങ്കിയാണ് തലസ്ഥാനം. ലോകത്തിലെ ഏറ്റവും സത്യസന്ധന്മാരുടെ നഗരമായിട്ടാണ് ഹെൽസിങ്കി അറിയപ്പെടുന്നത്. ഏറ്റവും മികച്ച പിസ്സ കിട്ടുന്ന നഗരം എന്ന നിലയിലും ഹെൽസിങ്കി പ്രശസ്തമാണ്.

കേരളത്തിന്റെ ഏഴിലൊന്ന് ജനസംഖ്യയുള്ള അതിസുന്ദരമായ ഒരു ചെറിയ രാജ്യമാണിത്. ലോകത്തിലെ ഭൂരിഭാഗം ആളുകളും ഫിൻലന്റിനെ അറിയുന്നത് 'നോക്കിയ' ഫോണിന്റെ ജന്മസ്ഥലമാ

യിട്ടാണ്. ഏത് ഫോൺ കണ്ടാലും 'മേഡ് ഇൻ ഫിൻലൻഡ്' ആണോ എന്ന് ചോദിക്കുന്ന ഒരു കാലമുണ്ടായിരുന്നു. ഐ.ടി രംഗത്ത് വൻ കുതിച്ചുചാട്ടം നടത്തുന്ന ഫിൻലന്റ്, കാൻഡി ക്രഷ്, ആങ്ഗ്രി ബേർഡ്സ് പോലുള്ള പല ജനപ്രിയ ഗെയിമുകൾ നിർമ്മിച്ചും പ്രസിദ്ധമാണ്. രാജ്യത്തിന്റെ എല്ലായിടത്തും ഫ്രീയായി വൈഫൈ ഉണ്ട്. ഇന്റർനെറ്റ് പ്ലാനുകളും വളരെ ചെലവ് ചുരുങ്ങിയതാണ്. സ്പോർട്സിലും ഇവർ കേമന്മാരാണ്. 1952-ലെ സമ്മർ ഒളിംപിക്സ് ഹെൽസിങ്കിയിലായിരുന്നല്ലോ.




അതിമനോഹരവും വൃത്തിയുള്ള ഹെൽസിങ്കി തീർത്തും നിശ്ശബ്ദമാണ്. പുഴയും കടലുമൊക്കെ ശുദ്ധം. വണ്ടികളിൽ ഹോണുകൾ ആരും തന്നെ ഇവിടെ ഉപയോഗിക്കാറില്ല. പൊതു ഗതാഗത സൗകര്യങ്ങളാണ് കൂടുതൽ പേരും ആശ്രയിക്കുന്നത്. ഇവിടെ പ്രധാന ഗതാഗത മാർഗങ്ങൾ ട്രാം, മെട്രോ, ബസ്, സൈക്കിൾ, ട്രെയിൻ, ക്രൂയിസ് കപ്പലുകൾ, ബോട്ടുകൾ എന്നിവയാണ്. എസ്പോ, ടാംപ്രേ, വാന്റാ, ടൂർക്കൂ, ഔലൂ എന്നിവയാണ് ഫിൻലൽഡിലെ മറ്റു പ്രധാന നഗരങ്ങൾ. പട്ടണങ്ങളിലുള്ള ജനത ഒരു പരിധി വരെ ഇംഗ്ലീഷ് സംസാരിക്കുന്നവരുമാണ്.

വിചിത്രമായ ചില മത്സരങ്ങൾ ഫിൻലൻഡുകാരുടെ പ്രത്യേകതയാണ്. മൊബൈൽ ഫോൺ എറിയൽ മത്സരം, ഐസിൽ കിടന്നുള്ള സ്വിമ്മിങ്, ഭാര്യയെ ചുമന്നുകൊണ്ടുള്ള ഓട്ടമത്സരം തുടങ്ങിയ രസകരമായ കളികളാണത്. വികസിതവും സമ്പന്ന രാജ്യവുമാണിന്ന് ഫിൻലന്റ്. വ്യാവസായികമായി വൻ പുരോഗതി കൈവരിച്ചു. ജനങ്ങളുടെ പുരോഗതിയുടെ ഏതു അളവ് കോലെടുത്താലും, ഈ രാജ്യം ലോക രാജ്യങ്ങളുടെ പട്ടികയിൽ ആദ്യ അഞ്ച് സ്ഥാനങ്ങളിൽ ഒന്നായിരിക്കും. ലോകത്തിലെ അഴിമതി രഹിത രാജ്യങ്ങളിൽ ഒന്നാം സ്ഥാനമാണ് 55 ലക്ഷം പേർ മാത്രം ജീവിക്കുന്ന ഫിൻലന്റിന്.




ശിശുമരണ നിരക്ക് ഏറ്റവും കുറവുള്ള ഫിൻലന്റ് ഏറ്റവും നല്ല ജീവിത നിലവാരവും, ഏറ്റവും മികച്ച വിദ്യാഭ്യാസവും, ചികിത്സയും, പെൻഷനും പൗരന്മാർക്ക് നൽകുന്ന രാജ്യമാണ്. മാത്രവുമല്ല തൊഴിൽ ഇല്ലാത്തവർക്ക് സർക്കാർ മാസം തോറും 587 ഡോളർ കൊടുക്കുന്നുണ്ട്. രാജ്യം മുഴുവൻ വെള്ളനിറമുള്ള മനുഷ്യരാണ്. ഇവർ സുന്ദരികളും സുന്ദരൻമാരുമാണ്. എന്നാൽ ഇതരവിഭാഗത്തിൽപ്പെട്ടവരോട് ഇവർക്ക് ഒരുതരത്തിലുമുള്ള വർണവിവേചനമില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

തണുപ്പിന്റെ കാര്യത്തിൽ സന്തോഷം കുറയും. കാരണം, തണുപ്പ് അസഹനീയമാണിവിടെ. സമ്മറിൽ ഇരുട്ട് ഇല്ലാതെ 24 മണിക്കൂറും സൂര്യൻ ഉദിച്ച് തന്നെ നിൽക്കും. പക്ഷെ സമ്മർ കഴിഞ്ഞ് വിന്റർ എത്തുമ്പോൾ, രണ്ടുമൂന്ന് മാസത്തേക്ക് സൂര്യൻ ഉദിക്കുന്ന പ്രശ്നമേയില്ല. ലോക സഞ്ചാരിയായ എസ്.കെ പൊറ്റെക്കാട് ഫിൻലൻഡിനെ 'പാതിരാ സൂര്യന്റെ നാട്' എന്ന് വിശേഷിപ്പിച്ചത് ഇതുകൊണ്ടാണ്. എല്ലായിടത്തും സ്ട്രീറ്റ് ലൈറ്റ് വേണം. എല്ലാ വീട്ടിലും ഹീറ്റിങ്ങ് നിർബന്ധമാണ്. ജനങ്ങളെ സന്തോഷിപ്പിക്കുവാൻ ഗവണ്മെന്റ് എല്ലാം ചെയ്യും. അങ്ങനെ ഈ കുഞ്ഞു രാജ്യം ലോകത്തിന് മാതൃകയാവുന്നു.

തടാകങ്ങളുടെ നാടാണ് ഫിൻലന്റ്. ഏകദേശം രണ്ട് ലക്ഷത്തിനടുത്ത് ചെറു

തടാകങ്ങൾ ഇവിടെയുണ്ട്. ടാപ്പ് വാട്ടർ തന്നെയാണ് എല്ലാരും കുടിക്കുന്നത്. ഭൂമിയുടെ 70 ശതമാനവും കാടുകളാണ്, ഫിൻലന്റ് മുഴുവനും സമതല ഭൂമിയാണ്. ലോകത്തെ മികച്ച കടലാസ് നിർമ്മാണ ഫാക്ടറികൾ ഉള്ളത് ഇവിടെയാണ്. വിയർത്തു കുളിച്ചിട്ട് പിന്നെ തണുത്ത വെള്ളത്തിൽ ഒരു കുളി പാസാക്കുന്ന 'സോന' എന്ന ഒരു കുളി ശീലം ഇവർക്കുണ്ട്. ഇഷ്ടമാണ് ഐസ് വെള്ളത്തിലുള്ള നീന്തലും പിൻലൻഡുകാരുടെ ഹരമാണ്. പച്ചപ്പരവതാനി വിരിച്ചടുപോലുള്ള മൊട്ടക്കുന്നുകളും പുൽ മൈതാനങ്ങളും എവിടെയും കാണാം.

ഫിൻലന്റ് സാന്താക്ലോസ്സിന്റെ രാജ്യം എന്ന് കൂടി അറിയപ്പെടുന്നു. രാജ്യത്തെ വടക്കൻ പ്രദേശമായ ലാപ്ലാന്റിലാണ് ക്രിസ്മസ് അപ്പൂപ്പൻ ജീവിക്കുന്നതെന്നാണ് വിശ്വാസം. സാന്താക്ലോസ്സിന്റെ ഫിൻലന്റിലെ വിലാസത്തിലേക്ക് ലോക രാജ്യങ്ങളിൽ നിന്നായി ലക്ഷക്കണക്കിന് കുട്ടികളുടെ ആശംസ കാർഡുകളാണ് ഓരോ ക്രിസ്മസ് കാലത്തും ലഭിക്കാറുള്ളത്. ഫിൻലന്റിൽ കാണുന്ന മറ്റൊരു പ്രതിഭാസമാണ് നോർത്തേൺ ലൈറ്റ്സ്. രാത്രി ആകാശത്ത് പച്ചയും ചുമപ്പും നിറം അലയടിക്കുന്ന അതി മനോഹര കാഴ്ചയാണിത്.

ലോകത്തെ ഏറ്റവും നല്ല വിദ്യാഭ്യാസവും, നല്ല സ്കൂളുകളും ഫിൻലന്റിലാണ്. ഫിൻലന്റുകാർ ലോകത്ത് ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നു. ആളുകൾ മിക്കവരും സത്യം മാത്രമേ പറയൂ എന്നത് മറ്റൊരു കൗതുകമാണ്. തണുപ്പകറ്റാൻ പുരുഷൻമാരും സ്ത്രീകളും പ്രായവ്യത്യാസമില്ലാതെ മദ്യപിക്കുകയും പുകവലിക്കുകയും ചെയ്യുന്നു. ഭക്ഷണപ്രിയരാണിവർ. എന്നുവച്ച് വലിച്ചുവാരി തിന്നില്ല, ഹെൽത്തി ഫുഡ് മാത്രമേ കഴിക്കൂ.

ഫിൻലാന്റുകാർ ലോകത്തിലെ ഒന്നാംതരം കാപ്പി പ്രിയരാണ്. അവർ ഒരു ദിവസം ആറ് കപ്പ് കാപ്പിയെങ്കിലും കുടിക്കും. മൽസ്യ മാംസങ്ങളും, പച്ചക്കറിയും പഴങ്ങളും ഭക്ഷണ പദാർത്ഥങ്ങളും തുടങ്ങി എല്ലാം ഫ്രഷ് ആണ്. സാമൂഹിക സുരക്ഷയുള്ള രാജ്യം ആയത് കൊണ്ട് ടാക്സ് അടച്ചാൽ ജനങ്ങളുടെ എല്ലാ നല്ല കാര്യങ്ങൾക്കും സർക്കാർ പിന്തുണ ഉണ്ടാകും. ഫിൻലൻഡിൽ ട്രാഫിക്ക് ഫൈൻ ഈടാക്കുന്നത് തെറ്റ് ചെയ്ത വരുടെ വരുമാനവും ചെയ്ത തെറ്റിന്റെ കാഠിന്യവും നോക്കിയാണ്. അതുകൊണ്ട് തന്നെ റോഡ് നിയമങ്ങൾ ആരും തെറ്റിക്കാറില്ല.

ഫിൻലന്റിൽ നന്നായി ശമ്പളം കിട്ടുന്നതും ഏറ്റവും ബഹുമാനിക്കപ്പെടുന്നതും പ്രൈമറി സ്കൂൾ അധ്യാപകരാണ്. ബിരുദാനന്തര ബിരുദവും പി.എച്ച്.ഡിയും ഒക്കെ ഉള്ള നിരവധിപേരാണ് സ്കൂളിൽ പഠിപ്പിക്കുന്നത്. അധ്യാപകരാണ് ഫിൻലന്റിന്റെ വിജയ രഹസ്യം, ഫിൻലന്റിലെ പുതിയ തലമുറ നല്ല അധ്യാപകരാവാനാണ് സ്വപ്നം കാണുന്നത്. മാനവശേഷി വികസനമാണ് ഫിൻലന്റിന്റെ വികസന മന്ത്രം. അതിനു വേണ്ടി ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും വിപ്ലവകരമായ മാറ്റങ്ങൾ അവർ പരീക്ഷിക്കുന്നു. ഇതിനൊക്കെ നേതൃത്വം നൽകുന്നതാകട്ടെ ചെറുപ്പക്കാരായ മന്ത്രിമാരാണ്.

ഫിൻലൻഡുകാർ പൊതുവെ സമാധാനപ്രിയരാണ്. ഇങ്ങനെ അവിശ്വസനീയവും അസാധാരണവുമായ കൗതുകങ്ങളിലൂടെയും കാഴ്ചകളിലൂടെയും ലേക സഞ്ചാരികളെ ആകർഷിക്കുന്ന സന്തോഷത്തിന്റെ ലോക തലസ്ഥാനമാണ് ഫിൻലൻഡ്. ജവിതത്തിൽ ഒരിക്കലെങ്കിലും ഈ രാജ്യത്തിന്റെ ഒരു സന്തോഷത്തുള്ളി നുകരണമെന്ന് ആഗ്രഹിക്കാത്തവരായി ആരുമുണ്ടാവില്ല.

ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ITServe Services (ITSS) Offers Unique Services Addressing The Challenges Member Companies Face




"As a subsidiary of ITServe Alliance, ITServe Services (ITSS) is uniquely positioned to design and implement customized solutions that cater directly to the challenges and opportunities ITServe members face," says, Manohar Kasagani, Managing Director of ITSS.

Providing the background the formation of ITSS, Anju Vallbhaneni, current Presiudent of ITServe says, "ITServe Alliance was initially established to offer financial and professional benefits to its members. However, as the organization expanded, it became evident that certain services and benefits required a dedicated platform beyond ITServe Alliance itself. This realization led to the creation of ITServe Services (ITSS), a specialized initiative aimed at addressing those additional needs."

ITServe Services operates as an independent Board, overseeing a range of activities aimed at enhancing the experience and benefits for members. A group of highly qualified and experienced ITServe leaders make up ITSS Board of Directors: Manohar Kasagani, Anju Vallabhaneni, Amar Varada, Bala Shan, Gautam Reddy Mallireddy, Arvind Nerella, and Srikant Dasugari.

ITSS Office Bearers are: Manohar Kasagani, ITSS Managing Director; Viswa kandi, ITSS – Secretary; Purna Irukulapati, ITSS – Jt. Secretary; Mahesh Sake, ITSS – Treasurer; and, Ravindran Komatireddy, ITSS – Jt.

Treasurer. ITSS Advisors consist of: Gautam Gali and Mahender Musuku.

Services Committees Chairs are: Shree Yerramsett, TP Reddy, Navin Seepana, Ramesh Kalwala, Sarath Chalamcharla, Radhesh Reddy Gurrala, Suresh Mittaplayy, and, Deepak Choudhary. Each of them has come to play an important role in the functioning of ITServe, fulfilling various roles needed to serve its large membership.

According to Amar Varada, ITSS Board of Director, ITSS was founded with the mission of delivering real, measurable benefits to ITServe members." These include: Group Health Insurance, Business Insurance, ITServe Angels (Entrepreneurial Support Program), Merger & Acquisition Advisory Services, Exclusive Discounts on Payroll Services (ADP), Discounts on Google Workspace & Microsoft Office, Discounted price with Dice. Each of these services is designed to maximize cost savings and operational efficiency for ITServe members.

Bala Shan pointed out" As ITServe continues to expand, ITSS is actively working on introducing additional benefits to provide even more value to its members." Two major upcoming initiatives include: LinkedIn Discount for ITServe Members, which is designed to help businesses and professionals enhance their networking, recruitment, and marketing efforts at a reduced cost. Exclusive Travel Discounts by top travel providers to offer discounted flight tickets for members. This will significantly reduce travel expenses for business owners and professionals.

"This ensures a more targeted and effective approach to delivering member benefits," says Gautam Reddy Mallireddy. Currently, ITSS focuses on the following key areas: • Group Health Insurance • Business Insurance • ITServe Angels (a support network for ITServe entrepreneurs) • Mergers & Acquisitions (M&A) Advisory A major emphasis has been placed on group health insurance solutions.

Recently, ITSS partnered with Trucardia, a company specializing in insurance services to develop a Captive Health Insurance Plan for ITServe members. This plan will leverage ITServe's collective strength to provide competitive, customized health insurance options.

Currently, ITServe has over 2,500 members, but most procure their health insurance individually, missing out on the benefits of collective bargaining. A captive insurance model allows businesses to form their own insurance company dedicated exclusively to covering the health needs of their employees. Key benefits of Captive Health Insurance include, Cost Control, Financial Incentives, Tailored Coverage.

Srikant Dasugari believes that "ITServe members gain the power of community, an invaluable strength in the IT industry and beyond. With exclusive access to member events and resources, active members are more connected to the field as a whole—and each other."

In addition, ITSS is in discussions with leading financial software providers like QuickBooks to secure exclusive member discounts. ITServe Services is also forming an exclusive partnership with Monster to offer ITServe members special discounts on Monster's recruitment services, which will help businesses streamline their hiring process, attract top talent, and reduce recruitment costs.

ITSS is committed to "continuously enhance and expand the range of benefits and services available to ITServe members. We are committed to continuously expanding our member benefits and will share further updates as these exciting initiatives roll out," says Arvind Nerella.

In his capacity as the MD of ITSS, Kasagani and his dedicated Team oversee ITSS operations and ensure strategic execution of member benefits. Kasagani serves as a bridge between ITServe Alliance and ITSS, reporting key developments and initiatives. He and the Team lead initiatives in health benefits, business insurance, M&A, and financial services for members. And, they engage with members to collect feedback and refine ITSS offerings based on their evolving needs.

"ITSS is dedicated to empowering ITServe members with innovative solutions, financial advantages, and strategic resources. With these initiatives, we aim to reinforce ITServe's position as the premier organization for IT entrepreneurs. Stay tuned for more updates!," says Kasagani.

ITServe Alliance, the largest association of IT Services organizations, founded in 2010, has rightly become the voice of all prestigious IT companies functioning with similar interests across United States. Through the years, ITServe has evolved as a resourceful and respected platform to collaborate and initiate measures in the direction of protecting common interests and ensuring collective success.

For more information and to join, please visit: Itserve.org

Ajay Ghosh

Media Coordinator, AAPI

Phone # 203.583.6750


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

# 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**

# നാഴികക്കല്ലായി ഫോമാ സൗത്ത് ഈസ്റ്റ് റീജിയൻ ഉത്ഘാടനം




**ബിനു കാസിം അറ്റ്ലാന്റ**

ഫോമാ ദേശീയ നേതാക്കളുടെയും സൗത്ത് ഈസ്റ്റ് റീജിയൻ പ്രവർത്തകരുടെയും നിറ സാന്നിധ്യം കൊണ്ടും, ചിട്ടയായ പ്രവർത്തനം കൊണ്ടും കാതുകൾക്ക് മധുരം പകരുന്ന സംഗീത സായാഹനം കൊണ്ടും ഫോമാ സൗത്ത് ഈസ്റ്റ് റീജിയന്റെ പ്രവർത്തനോദ്ഘാടനം അനുസ്മരണീയമായി.

അറ്റ്ലാന്റാ-ഫെബ്രുവരി 22ാം സൗത്ത് ഈസ്റ്റ് റീജിയൻ പരിധിയിൽ വരുന്ന എല്ലാ മലയാളി സംഘടനകളെയും വിശിഷ്ടാതിഥികളെയും ദേശീയ നേതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ഫോമാ സൗത്ത് ഈസ്റ്റ് റീജിയൻ നടത്തിയ പ്രവർത്തന ഉത്ഘാടനം തികച്ചും മാതൃകാപരമായിരുന്നു എന്ന് ചടങ്ങിന് നേതൃത്വം നൽകിയ റീജിയണൽ വൈസ് പ്രസിഡന്റ് ശ്രീ പ്രകാശ് ജോസഫ് അറിയിക്കുകയുണ്ടായി. Forsyth കൗണ്ടി commissioner & chairman Alfred John മുഖ്യ അതിഥിയായി എത്തിയ ഉത്ഘാടന ചടങ്ങിൽ ഫോമാ പ്രസിഡന്റ് ബേബി മനക്കുന്നേൽ ,വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജനറൽ സെക്രട്ടറി ബൈജു വർഗ്ഗീസ് ,ട്രഷറർ സിജിൽ പാലക്കലോടി ജോയിന്റ് സെക്രട്ടറി പോൾ .പി .ജോസ്, ഫോമയുടെ ദേശീയ നേതാക്കളായ ബിജു തോണിക്കടവിൽ, ഫോമയുടെ കൺവെൻഷൻ ചെയർ മാത്യു മുണ്ടക്കൻ, Summer to Kerala കോഓർഡിനേറ്റർ അനു സ്കറിയ, സെന്റ്രൽ റീജിയൻ RVP ജോൺസൺ കന്നൂക്കാടൻ, FOMAA PR മാത്യു വർഗ്ഗീസ്, മുൻ സൗത്ത് ഈസ്റ്റ് റീജിയൻ RVP ഡൊമിനിക് ചാക്കോനാൽ , തോമസ് ഈപ്പൻ, സൗത്ത് ഈസ്റ്റ് റീജിയൻ പരിധിയിൽ വരുന്ന ഗാമ പ്രസിഡന്റ് സതി നാഗരാജൻ, 'അമ്മ പ്രസിഡന്റ് ജിത്തു വിനോയ് , കാൻ പ്രസിഡന്റ് ഷിബു പിള്ള, MASC പ്രെസിഡന്റ്റ് ജോസ് മടൂർ എന്നിവരുടെ നിറസാന്നിധ്യം കൊണ്ട് പ്രൗഢഗംഭീരമായ തുടക്കം കുറിക്കാൻ സാധിച്ചതിൽ സന്തോഷം അറിയിക്കുന്നതായ് ഫോമയുടെ പ്രസിഡന്റ് ബേബി മണക്കുന്നേലും സെക്രട്ടറി ബൈജു വർഗീസും സംയുക്തമായി അറിയിച്ചു.

തികച്ചും മാതൃകാപരമായി, ഒരു റീജിയന്റെ പരിധിയിൽ വരുന്ന എല്ലാ മലയാളി സംഘടനകൾക്കും തുല്യ പ്രാധിനിത്യം നൽകികൊണ്ടുള്ള പ്രവർത്തനത്തിന് ഹരിശ്രീ കുറിച്ചതിലുള്ള ചാരിതാർഥ്യം റീജിയൻ വൈസ് പ്രസിഡന്റ് പ്രകാശ് ജോസഫ്, നാഷണൽ കമ്മിറ്റി അംഗങ്ങളായ ബബ്ലു ചാക്കോ, കാജൽ സക്കറിയ സംയുക്തമായി അറിയിക്കുകയുണ്ടായി.




ചടങ്ങിന് മുഖ്യ ആഥിത്യം വഹിച്ച കൗണ്ടി പ്ലാനിംഗ് കമ്മിഷണർ ആൽ ഫ്രഡ് ജോൺ ഫോമയുടെ വളർച്ചയും കൗണ്ടിയിൽ വർധിച്ചു വരുന്ന മലയാളീ സാന്നിധ്യത്തെയും എടുത്തു പറയുകയുണ്ടായി . ഇത്രയും പക്വവതയോടെ ഏകമനസായി പ്രവർത്തിക്കുവാൻ സാധിച്ചതിലുള്ള സന്തോഷം അദ്ദേഹം എടുത്തു പറയുകയുണ്ടായി.

പാലത്തിങ്ങൽ , സ്പോർട്സ് ചെയർ കൊച്ചുമോൻ പറക്കാടൻ , ചാരിറ്റി ചെയർ ഷാജി മാത്യു , സീനിയർ ഫോറം ചെയർ ലൂക്കോസ് തരിയൻ എന്നിവർ സ്ഥാനം ഏറ്റെടുക്കുകയുണ്ടായി. മുൻ കാല റീജിയണൽ വൈസ് പ്രെസിഡന്റു

പാലത്തിങ്കലിന്റെ നേതൃത്വത്തിൽ യൂത്ത് ഫോറവും ഇതോടൊപ്പം സ്ഥാനം ഏറ്റെടുക്കുകയുണ്ടായി.

പാരമ്പരാഗതപരമായ ചെണ്ടമേളത്തിന്റെ അകമ്പടിയോടുകൂടി തുടങ്ങിയ ഫോമാ സൗത്ത് ഈസി റീജിയന്റെ കലാപരിപാടികൾക്ക് നേതൃത്വം നൽകിയത് കൾച്ചറൽ ചെയർ ബിനു കാസിം ആണ്. സൗത്ത് ഈസ്റ്റ് റീജിയന്റെ പരിധിയിൽ വരുന്ന ഏഴ് സംസ്ഥാനങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് തുടങ്ങിയ ഘോഷയാത്ര ഗംഭീരം ആയിരുന്നു. ഉത്ഘാടനപരിപാടിക്ക് നിറംപകർന്ന് സംഗീത സായാഹ്നം കർണ്ണമധുരം ആയിരുന്നു എന്ന് പങ്കെടുത്ത എല്ലാവരും അറിയിച്ചു. ഉത്ഘാടനത്തിനു ആവശ്യമായ സാമ്പത്തിക പിന്തുണ നൽകിയ എല്ലാ സംരംഭകരേയും ഇതോടൊപ്പം ആദരി




ഒരുദേശീയ കൺവെൻഷന്റെ ഓർമകൾ ഉണർത്തിയ എലയ 22 സായാഹ്നത്തിൽ ഫോമയുടെയും , പ്രാദേശിക മലയാളി സംഘടനകളുടേയും സാന്നിധ്യത്തിൽ, ശ്രീ പ്രകാശ് ജോസെഫിന്റെ നേതൃത്വത്തിൽ നാഷണൽ കമ്മിറ്റി മെമ്പറായി കാജൽ സക്കറിയ, ബബ്ലു ചാക്കോ, റീജിയണൽ പ്രസിഡന്റ് ജെയിംസ് കല്ലറക്കാനിയിൽ, വൈസ് പ്രസിഡന്റ് ദീപക് അലക്സാണ്ടർ, സെക്രട്ടറി ഉഷ പ്രസാദ്, ജോയിന്റ് സെക്രട്ടറി സിജു ഫിലിപ്പ്, ട്രേഷറർ ദിവ്യ അമരയിൽ, കൾച്ചറൽ ചെയർ ബിനു കാസിം, വിമൻസ് ഫോറം ചെയർ സൈറ വര്ഗീസ് , ബിസിനസ് ഫോറം ചെയർ സുതീഷ് തോമസ് , കഠ ചെയർ ഷബീർ ജബ്ബാർ , യൂത്ത് ചെയർ ആൽബർട്ട്




മാരെ ഒന്നിപ്പിച്ചുള്ള അഡ്വൈസറി ബോർഡിന് നേതൃത്വം നല്കിയതിലുള്ള സംതൃപ്തി അഡ്വൈസറി ബോർഡ് ചെർകൂടിയായ മുൻ RVP തോമസ് ഈപ്പൻ

പങ്കുവെച്ചു. സൈറ വര്ഗീസിന്റെ നേതൃത്വത്തിൽ വിമൻസ് ഫോറം, ആൽബർട്ട്

ക്കുകയുണ്ടായി. തിരുവല്ലാ പുഷ്പഗിരി ആശുപത്രിയുമായി ഫോമാ ധാരണാ

പത്രം ഒപ്പുവച്ച് ലഭിച്ച മെഡിക്കൽ കാർഡുകൾ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ട്രേഷറർ സിജിൽ പാലക്കലോടി , RVP പ്രകാശ് ജോസഫ് എന്നിവർ സംയുക്തമായി അംഗങ്ങൾക്ക് കൈമാറുകയുണ്ടായി. റീജിയന്റെ വെബ്സൈറ്റ് ഉത്ഘാടനവും ഇതോടൊപ്പം നടക്കുകയുണ്ടായി, ഇതിനു പിന്നിൽ പ്രവർത്തിച്ച കാ ചെയർ ഷബീർ ജബ്ബാറിന്റെ പ്രവർത്തനത്തെ എടുത്തു പറയുകയുണ്ടായി.

ഇന് തുടർന്നങ്ങോട്ടുള്ള എല്ലാ ഭാവി പരിപാടികൾക്കും സമ്പൂർണ പിന്തുണ RVP പ്രകാശ് ജോസഫ്, നാഷണൽ കമ്മിറ്റി അംഗം കാജൽ സക്കറിയ , ബബ്ലു ചാക്കോ , സെക്രട്ടറി ഉഷ പ്രസാദ് എന്നിവർ സംയുക്തമായി അഭ്യർത്ഥിക്കുകയുണ്ടായി.













The First
'OTT' Platform
MediaAppUSA
Developed by
Malayalees from NA
MediaAppUSA
Originates From North America
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# കള്ളപ്പണവും വിവാദ വിധിപ്രസ്താവങ്ങളുമായി ഇന്ത്യയിലെ ഹൈക്കോടതി ജഡ്ജിമാർ




**എ.എസ് ശ്രീകുമാർ**

കോടതി ജഡ്ജിമാർ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്ക് തലവേദനയും നാണക്കേടുമാവുകയാണോ..? അതേ, എന്ന ഉത്തരം നൽകേണ്ട ഗതികേടാണ് സംജാതമായിരിക്കുന്നത്. ഇന്നലെ ഒരു വിവാദ ഉത്തരവിലൂടെയാണ് ഒരു ഹൈക്കോടതി ജഡ്ജി പുലിവാല് പിടിച്ചതെങ്കിൽ ഇന്ന് മറ്റൊരു ജഡ്ജി വീട്ടിൽ ചാക്ക് കണക്കിന് നോട്ട്കെട്ടുകൾ സൂക്ഷിച്ചതിന്റെ പേരിലാണ് കുപ്രസിദ്ധനായിരിക്കുന്നത്. സ്ത്രീയുടെ മാറിടത്തിൽ സ്പർശിക്കുന്നതും പൈജാമയുടെ ചരട് പൊട്ടിക്കുന്നതും വലിച്ചിഴയ്ക്കാൻ ശ്രമിക്കുന്നതും ബലാത്സംഗ കുറ്റമോ ബലാത്സംഗ ശ്രമമോ ആകില്ലെന്ന വിചിത്രമായ നിരീക്ഷണമാണ് അലഹബാദ് ഹൈക്കോടതി ജഡ്ജി രാം മനോഹർ നാരായൺ മിശ്ര ഇന്നലെ നടത്തിയത്. ഔദ്യോഗിക വസതിയിലെ തീപിടിത്തമാണ് ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമ്മക്ക് ഇന്ന് കുരുക്കായത്.

ജഡ്ജി യശ്വന്ത് വർമ്മയുടെ വീട്ടിലെ തീ അണയ്ക്കാൻ എത്തിയ ഫയർഫോഴ്സ് ഉദ്യോഗസ്ഥരും പോലീസും കണ്ടത് കെട്ടുകണക്കിന് നോട്ടുകളായിരുന്നു. ഇക്കാര്യം അവർ ഉന്നത ഉദ്യോഗസ്ഥരെ അറിയിച്ചതോടെയാണ് ജഡ്ജി അഴിയാ കുരുക്കിൽ പെട്ടത്. വിശദ പരിശോധനയിൽ കണക്കിൽപ്പെടാത്ത പണമാണെന്ന് സ്ഥിരീകരിച്ചതോടെ സുപ്രീം കോടതിയും അടിയന്തര നടപടി ആരംഭിച്ചു. ജസ്റ്റിസ് യശ്വന്ത് വർമ്മ വീട്ടിൽ ഇല്ലാതിരുന്ന സമയത്താണ് ഡൽഹിയിലെ ഔദ്യോഗിക വസതിയിയിൽ തീപ്പിടിത്തം ഉണ്ടാവുന്നത്. കുടുംബാംഗങ്ങൾ ഉടൻ ഫയർഫോഴ്സിനെ വിവരം അറിയിക്കുകയായിരുന്നു. ഹൈക്കോടതി ജഡ്ജിയുടെ വീടായതിനാൽ ഫയർഫോഴ്സിലേയും പോലീസിലേയും ഉന്നത ഉദ്യോഗസ്ഥർ വീട്ടിലേക്ക് പാഞ്ഞെത്തി.

അതേ സ്പീഡിൽ തീ അണയ്ക്കുകയും ചെയ്തു. നടപടിക്രമങ്ങളുടെ ഭാഗമായി നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടക്കുമ്പോഴാണ് ഒരു മുറിയിൽ നിന്ന് കെട്ടുകണക്കിന് കണക്കിൽപ്പെടാത്ത നോട്ടുകെട്ടുകൾ കണ്ടെത്തുന്നത്. ഉടൻ തന്നെ സംഭവം ഉദ്യോഗസ്ഥർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ഉന്നതരുടെ ശ്രദ്ധയിൽപ്പെടുത്തി. കേന്ദ്രസർക്കാർ വിവരം സുപ്രീം കോടതിയുടെ ശ്രദ്ധയിപ്പെടുത്തിയതോടെ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടിയന്തിരമായി സുപ്രീം കോടതി കൊളീജിയം വിളിച്ചുചേർത്ത് ജസ്റ്റിസ് യശ്വന്ത് വർമ്മയെ അലഹബാദ് ഹൈക്കോടതിയിലേക്ക് തിരിച്ചയയ്ക്കാൻ ശുപാർശ ചെയ്തു. വിചിത്രവും വിവാദവുമായ വിധികൾ പുറപ്പെടുവിക്കുന്ന കാര്യത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് അലഹബാദ് ഹൈക്കോടതി.

ജുഡീഷ്യറിയുടെ വിശ്വാസ്യത കളങ്കപ്പെടുത്തിയ ജസ്റ്റിസ് യശ്വന്ത്

**ജഡ്ജി യശ്വന്ത് വർമ്മയുടെ വീട്ടിലെ തീ അണയ്ക്കാൻ എത്തിയ ഫയർഫോഴ്സ് ഉദ്യോഗസ്ഥരും പോലീസും കണ്ടത് കെട്ടുകണക്കിന് നോട്ടുകളായിരുന്നു. ഇക്കാര്യം അവർ ഉന്നത ഉദ്യോഗസ്ഥരെ അറിയിച്ചതോടെയാണ് ജഡ്ജി അഴിയാ കുരുക്കിൽ പെട്ടത്. വിശദ പരിശോധനയിൽ കണക്കിൽപ്പെടാത്ത പണമാണെന്ന് സ്ഥിരീകരിച്ചതോടെ സുപ്രീം കോടതിയും അടിയന്തര നടപടി ആരംഭിച്ചു.**



വർമ്മയോട് രാജിവയ്ക്കണം എന്ന ആവശ്യം വരെ കൊളീജിയത്തിൽ ഉയരുകയുണ്ടായി. ഒരു ജഡ്ജിക്കെതിരെ അഴിമതി ആരോപണം ഉണ്ടായാൽ ആരോപണ വിധേയനോട് വിശദീകരണം ചോദിക്കുക എന്നതാണ് ആദ്യപടി. വിശദീകരണം തൃപ്തികരമല്ലെങ്കിൽ സുപ്രീം കോടതിയിലെ ഒരു ജഡ്ജിയും രണ്ട് ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരും അടങ്ങുന്ന ഒരു ആഭ്യന്തര അന്വേഷണ സമിതി ആരോപണം അന്വേഷിക്കും. ആരോപണം ശരിയെന്ന് തെളിഞ്ഞാൽ ജഡ്ജിയെ പുറത്താക്കാനുള്ള നടപടികളിലേക്ക് പാർലമെന്റിന് കടക്കാവുന്നതാണ്.

അതേസമയം, വിവാദ ഉത്തരവുകളുടെ പരമ്പര രതന്നെയാണ് കുറെ നാളുകളായി അലഹബാദ് ഹൈക്കോടതി പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നത്. സ്ത്രീയുടെ മാറിടം സ്പർശിക്കുന്നതും പൈജാമയുടെ ചരട് പൊട്ടിക്കുന്നതും വലിച്ചിഴയ്ക്കുന്നതും ബലാത്സംഗമോ ബലാത്സംഗ ശ്രമമോ അല്ല എന്നാ അലഹബാദ് ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് രാം മനോഹർ നാരായൺ മിശ്രയുടെ പരാമർശത്തിനെതിരെ വലിയ പ്രതിഷേധമാണ് ഉയരുന്നത്. ബലാത്സംഗവും ബലാത്സംഗത്തിനുള്ള തയ്യാറെടുപ്പും തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചാണ് ജസ്റ്റിസ് മിശ്ര ഇത്തരത്തിൽ ഉത്തരവാദിത്ത ബോധമില്ലാതെ പരാമർശം നടത്തിയിരിക്കുന്നത്.

ജസ്റ്റിസ് രാം മനോഹർ നാരായൺ മിശ്ര ഇതിന് മുമ്പും വിവാദ വിധികളുമായി രംഗത്തുവന്നിട്ടുണ്ട്. ഭർതൃബലാത്സംഗം കുറ്റകരമല്ലെന്ന വിധിയായിരുന്നു അത്. വൈവാഹിക ജീവിതം ദുരിതപൂർണമാണെന്നും വാക്കുകൾ കൊണ്ടും ശാരീരികമായും ഭർത്താവ് നിരന്തം പീഡിപ്പിക്കുകയാണെന്നായിരുന്നു ഭാര്യയുടെ പരാതി. ഭാര്യയ്ക്ക് 18 വയസോ അതിന് മുകളിലോ ആണ് പ്രായമെങ്കിൽ ഭർതൃബലാത്സംഗം കുറ്റകരമല്ലെന്നായിരുന്നു 2003-ൽ ജസ്റ്റിസ് മിശ്ര ഉത്തരവിട്ടത്. പ്രകൃതി വിരുദ്ധ പീഡനം നടത്തിയെന്നാരോപിച്ച് ഭാര്യ നൽകിയ കേസിലായിരുന്നു ഈ പരാമർശം. കേസിൽ ഐ.പി.സി 377 പ്രകാരമുള്ള കുറ്റങ്ങളിൽ നിന്ന് ഭർത്താവിനെ കോടതി വിമുക്തനാക്കുകയും ചെയ്തു.

നേരത്തെ ബലാത്സംഗ കേസിലെ പ്രതി, ഇരയെ മൂന്ന് മാസത്തിനുള്ളിൽ വിവാഹം കഴിക്കണമെന്ന വിചിത്ര ജാമ്യവ്യവസ്ഥയിൽ പ്രതിക്ക് അലഹബാദ് ഹൈക്കോടതി ജാമ്യം അനുവദിച്ച് മറ്റൊരു ഉത്തരവും ഇറക്കിയിരുന്നു. കേസിൽ നിന്നും മോചിതനായാൽ മൂന്ന് മാസത്തിനുള്ളിൽ ഇരയെ വിവാഹം കഴിക്കണമെന്നായിരുന്നു വ്യവസ്ഥ. ഫെബ്രുവരി 20 ന് ജസ്റ്റിസ് കൃഷൻ പഹാലാണ് ഉത്തരവ് പുറപ്പെടുവിച്ചത്. പ്രതി നരേഷ് മീണ ഇരയെ വിവാഹം കഴിച്ചോളാം എന്നറിയിച്ചതിന്റെ പശ്ചാത്തലത്തിലായിരുന്നു കോടതിയുടെ വിവാദ വിധി.

ഉത്തർപ്രദേശ് പോലീസിൽ റിക്രൂട്ട് ചെയ്യാമെന്ന് വാഗ്ദാനം ചെയ്താണ് ഇയാൾ ഇരയായ പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുകയായിരുന്നു. പിന്നീട് ഇയാൾ പെൺകുട്ടിയുടെ അശ്ലീല വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുകയും ചെയ്തു. കേസിൽ അറസ്റ്റിലായ പ്രതിയെ കോടതി വെറുതെ വിടുകയായിരുന്നു. പെൺകുട്ടിയെ പ്രതി വിവാഹം കഴിക്കാമെന്ന് അറിയച്ചതിനാലാണത്രെ ഈ വിധി ഉണ്ടായത്. 2021-ൽ ബോംബെ ഹൈക്കോടതി പുറപ്പെടുവിച്ച ഒരു വിധിയും വിവാദമായി മാറുകയുണ്ടായി. 2016 ഡിസംബറിൽ 39-കാരൻ 12 വയസ്സുള്ള പെൺകുട്ടിയെ ലൈംഗിക ചൂഷണത്തിനിരയാക്കിയ കേസിന്റെ വിധി പറയവെയാണ് ബോംബെ ഹൈക്കോടതിയിലെ അഡിഷണൽ ജഡ്ജായ ജസ്റ്റിസ് പുഷ്പ ഗനേഡിവാല വിവാദ പ്രസ്താവന നടത്തിയത്.

വസ്ത്രത്തിന് മുകളിലൂടെയാണ് പെൺകുട്ടിയുടെ ശരീരത്തിൽ സ്പർശിച്ചതെന്നും നേരിട്ടുള്ള സ്പർശനം നടക്കാത്തതിനാൽ പോക്സോ നിയമമനുസരിച്ചുള്ള ലൈംഗികാതിക്രമം നടന്നതായി കരുതാനാവില്ലെന്നുമായിരുന്നു ജഡ്ജി ചൂണ്ടിക്കാട്ടിയത്. ഈ വിചിത്ര വിധി പിന്നീട് സുപ്രീം കോടതി റദ്ദാക്കിയിരുന്നു. ശുദ്ധ ഭോഷ്ക് എന്ന് പറയാവുന്ന വിധി പുറപ്പെടുവിച്ച ജസ്റ്റിസ് പുഷ്പയെ സ്ഥിരം ജഡ്ജിയാക്കാനായി കേന്ദ്ര സർക്കാരിനയച്ച ശുപാർശ അടക്കം സുപ്രീം കോടതി കൊളീജിയം തിരിച്ച് വിളിച്ചിരുന്നു. പെൻഷനും റദ്ദാക്കിയിരുന്നു. ഇത്തരത്തിൽ സുപ്രീം കോടതി പല കാലങ്ങളിൽ താക്കീത് നൽകിയിട്ടും ചില ജഡ്ജിമാർക്ക് ഇന്നും നേരം വെളുത്തിട്ടില്ല.


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ചിക്കാഗോ കെ.സി.എസ്, കെ.സി.വൈ.എൽ.എൻ.എയു മായി ചേർന്ന് സെന്റ് പാട്രിക്സ് ഡേ ഹാപ്പി അവർ മിക്സ് സംഘടിപ്പിച്ചു



കെ.സി.എസ് ചിക്കാഗോയും കെ.സി.വൈ.എൽ.എൻ.എയും ചേർന്ന് കെന്നഡി റൂഫ്ടോപ്പിൽ ഒരു അവിസ്മരണീയ സെന്റ് പാട്രിക്സ് ഡേ മിക്സർ സംഘടിപ്പിച്ചു! മാർച്ച് 14 വെള്ളിയാഴ്ച സെന്റ് പാട്രിക്സ് ഡേ വാരാന്ത്യത്തിനായുള്ള ഒരു ആമുഖ പരിപാടി കെ.സി.എസ് ചിക്കാഗോയും കെ.സി.വൈ.എൽ.എൻ.എയും ചേർന്ന് സംഘടിപ്പിച്ചതോടെ ഷിക്കാഗോയിലെ കെന്നഡി റൂഫ്ടോപ്പ് ഊർജ്ജസ്വലതയും സൗഹൃദവും കൊണ്ട് സജീവമായി. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഏകദേശം 100-ലധികം ക്നാനായ യുവജനങ്ങളുടെ ശ്രദ്ധേയമായ പങ്കാളിത്തം ഈ പരിപാടിയിൽ ഉണ്ടായിരുന്നു, അത് മറക്കാനാവാത്ത ഒരു രാത്രിയാക്കി മാറ്റി.



പങ്കെടുത്തവർ നെറ്റ്‌വർക്കിംഗിന്റെയും സാമൂഹിക ഇടപെടലുകളുടെയും ഒരു സായാഹ്നം ആസ്വദിച്ചു. യുവാക്കൾക്ക് പുതിയ ആളുകളെ കണ്ടുമുട്ടാനും, അനുഭവങ്ങൾ പങ്കിടാനും, അർത്ഥവത്തായ ബന്ധങ്ങൾ കെട്ടിപ്പടുക്കാനുമുള്ള ഒരു സവിശേഷ അവസരം ഈ പരിപാടി നൽകി. നന്നായി സംഘടിപ്പിച്ച ഒത്തു ചേരലിന്റെ അന്തരീക്ഷം ആസ്വദിച്ചുകൊണ്ട് നിരവധി പങ്കാളികൾ തങ്ങളുടെ അഭിനന്ദനം അറിയിച്ചു. ഗജഥഘലചഅ യുമായി പങ്കാളിത്തം സ്ഥാപിക്കുന്നതിൽ ഗജട ഷിക്കാഗോ അഭിമാനിക്കുന്നു എന്നും, ഭാവിയിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കാൻ പദ്ധതി ഉണ്ടെന്നും കെ.സി.എസ് ഭാരവാഹികൾ അറിയിച്ചു. നമ്മുടെ യുവാക്കൾക്ക് ഒത്തുചേരാനും നിലനിൽക്കുന്ന ബന്ധങ്ങൾ സൃഷ്ടിക്കാനും രസകരവും ഉദ്ദേശ്യപൂർണ്ണവുമായ ഒരു ഇടം നൽകാൻ പ്രാദേശിക യൂണിറ്റുകൾ മുൻപോട്ട് വരണമെന്നും കെ സി എസ് ഭാരവാഹികൾ ഉത്ബോധിപ്പിച്ചു.

വരാനിരിക്കുന്ന പരിപാടികളെയും കമ്മ്യൂണിറ്റി സംരംഭങ്ങളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, ഗജട ചിക്കാഗോയുമായും ഗജഥഘലചഅയുമായും അവരുടെ ഔദ്യോഗിക പ്ലാറ്റ്ഫോമുകളിലൂടെ ബന്ധം നിലനിർത്തണമെന്ന് ഭാരവാഹികൾ അറിയിച്ചു.



# ജോസ്മോൻ ചെമ്മാച്ചേൽ: കെ. സി.എസിന്റെ പുതിയ ഓഡിറ്റർ



2025-26 കാലഘട്ടത്തിലേക്ക് കെ. സി.എസിന്റെ ഓഡിറ്റർ പദവിയിലേക്ക് ജോസ്മോൻ ചെമ്മാച്ചേൽ ഇജങ്ങ നിയമിതനായി. കെ.സി.ജെ.എൽ, കെ.സി.വൈ.എൽ, കെ.സി.എസ് എന്നീ പ്രസ്ഥാനങ്ങളിലൂടെ സമുദായത്തിന്റെയും സംഘടനയുടെയും ആത്മാവ് തൊട്ടറിഞ്ഞ് വളർന്നുവന്ന ജോസ്മോൻ എന്തുകൊണ്ടും ഈ സ്ഥാനത്തിന് വളരെ യോഗ്യതയുള്ളവനാണ്. സ്വന്തമായി അക്കൗണ്ടിംഗ് സ്ഥാപനം തുടങ്ങി വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു യുവ അക്കൗണ്ടന്റ് ആണ് ജോസ്മോൻ. കെ.സി.എസിന്റെ ക്ഷണം സ്വീകരിച്ച്, യാതൊരു വൈമനസ്സിയവും കൂടാതെ, കെ.സി.ന്റെ ഓഡിറ്റർ പദവിയിലേക്ക് കടന്നു വന്ന ജോസ്മോനെ കെ.സി.എസ് എക്സിക്യൂട്ടീവ് സ്വാഗതം ചെയ്യുന്നതോടൊപ്പം എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# സ്ത്രീകളുടെ മാറിടത്തിൽ തൊടുന്നത് ബലാത്സംഗ ശ്രമമല്ല; ജഡ്ജിയുടെ പരാമർശം വിവാദമാവുന്നു

**എ.എസ് ശ്രീകുമാർ**

ബലാൽസംഗം സംബന്ധിച്ച് ഏറെ വിവാദമുണ്ടാക്കുന്നതും പ്രതിഷേധാർഹവുമായ ഒരു പരാമർശം നടത്തിയിരിക്കുകയാണ് അലഹബാദ് ഹൈക്കോടതി ജഡ്ജി രാം മനോഹർ നാരായൺ മിശ്ര. സ്ത്രീയുടെ മാറിടത്തിൽ സ്പർശിക്കുന്നതും പൈജാമയുടെ ചരട് പൊട്ടിക്കുന്നതും വലിച്ചിഴയ്ക്കാൻ ശ്രമിക്കുന്നതും ബലാത്സംഗ കുറ്റമോ ബലാത്സംഗ ശ്രമമോ ആകില്ലെന്നാണ് ജഡ്ജിയുടെ വിചിത്രമായ നിരീക്ഷണം. ഈ കൃത്യങ്ങൾ 'ഗുരുതരമായ ലൈംഗികാതിക്രമം' എന്ന പ്രഥമദൃഷ്ട്യാ കുറ്റകൃത്യത്തിന് കീഴിലാണെന്ന് ഇന്ത്യയിലെ ആദ്യത്തെ ഹൈക്കോടതികളിൽ ഒന്നായ അലഹബാദ് ഹൈക്കോടതിയിലെ ജഡ്ജി ചൂണ്ടിക്കാട്ടുന്നു.

ബലാത്സംഗശ്രമവും ബലാത്സംഗത്തിനുള്ള തയ്യാറെടുപ്പും തമ്മിൽ നിയമപരമായി വ്യത്യാസമുണ്ടെന്നാണ് ജസ്റ്റിസ് രാം മനോഹർ നാരായൺ മിശ്രയുടെ വാദം. ബലാത്സംഗശ്രമവും ബലാത്സംഗത്തിനുള്ള തയ്യാറെടുപ്പും തമ്മിലുള്ള നിയമപരമായ അന്തരം ജഡ്ജി വിശദീകരിക്കുന്നുണ്ട്. ഒരു കുറ്റം ചെയ്യാനുള്ള തയ്യാറെടുപ്പ് ഒരു പ്രത്യേക ഘട്ടം വരെ മാത്രമാണ്. എന്നാൽ ബലാത്സംഗശ്രമം എന്നത് അതിനപ്പുറം, കുറ്റം ചെയ്യാനുള്ള വ്യക്തമായ ഉദ്ദേശ്യത്തോടെയുള്ളതും അതിലേക്കുള്ള നിർണായകമായ ചുവടുവയ്പ്പാണ് എന്നും ബെഞ്ച് നിരീക്ഷിച്ചു.

ഉത്തർപ്രദേശിലെ കാസ്ഗഞ്ച് ജില്ലയിൽ 2021-ൽ നടന്ന ബലാൽസംഗ ശ്രമമെന്ന് പ്രഥമദൃഷ്ട്യാ വിശ്വസിക്കാവുന്ന സംഭവവുമായി ബന്ധപ്പെട്ടാണ് പ്രസ്തുത പരാമർശം. പവൻ, ആകാശ് എന്നീ പ്രതികൾ ചേർന്ന് 11 വയസുള്ള പെൺകുട്ടിയെ വാഹനത്തിൽ ലിഫ്റ്റ് നൽകി കൂട്ടിക്കൊണ്ടുപോയി ലൈംഗികമായി ആക്രമിക്കാൻ ശ്രമിച്ചുവെന്നായിരുന്നു കേസ്. പ്രായപൂർത്തിയാകാത്ത കുട്ടിയുടെ മാറിടത്തിൽ പിടിക്കുകയും, അവളുടെ പൈജാമയുടെ ചരട് പൊട്ടിക്കുകയും, അവളെ ഒരു കലുങ്കിനടിയിലേക്ക് വലിച്ചിഴയ്ക്കാൻ ശ്രമിക്കുകയും ചെയ്തുവെന്നാണ് പോലീസ് റിപ്പോർട്ട്. സംഭവം കണ്ടുനിന്ന ആളുകൾ ഇടപെട്ടതിനെ തുടർന്ന് പ്രതികൾ സംഭവസ്ഥലത്തുനിന്ന് ഓടി രക്ഷപ്പെട്ടതായും പൊലീസ് വ്യക്തമാകുന്നു.

പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 376-ാം വകുപ്പ് (ബലാത്സംഗം), പോക്സോ നിയമത്തിലെ 18-ാം വകുപ്പ് എന്നിവയാണ് കീഴ്ക്കോടതി ചുമത്തിയിരുന്നത്. എന്നാൽ, ഇപ്പോൾ കേസ് പരിഗണിച്ച അലഹബാദ് ഹൈക്കോടതി, പ്രതികളെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 354-ബി വകുപ്പ് (സ്ത്രീയെ വസ്ത്രം മാറ്റാൻ നിർബന്ധിതരാക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള ആക്രമണം അല്ലെങ്കിൽ ക്രിമിനൽ ബലം പ്രയോഗിക്കൽ) പ്രകാരവും, പോക്സോ നിയമത്തിലെ 9/10 വകുപ്പുകൾ (ഗുരുതരമായ ലൈംഗികാതിക്രമം) പ്രകാരവും വിചാരണ ചെയ്യാനാണ് ഉത്തരവിരിക്കുന്നത്.

കളിലില്ലെന്നും ഉത്തരവിൽ പറയുന്നു. അതേസമയം, ക്രിമിനൽ നിയമപ്രകാരം, ഒരു വ്യക്തി, മറ്റൊരു വ്യക്തിയുടെ പൂർണ സമ്മതത്തോടെയല്ലാതെ നടത്തുന്ന ലൈംഗികമായ സമ്പർക്കത്തെയാണ് ബലാത്സംഗം അഥവാ റേപ്പ് എന്ന് പറയുന്നത്. ഇക്കാര്യം ജഡ്ജി മനപ്പൂർവം വിസ്മരിച്ചതാണോ..?

ബലം പ്രയോഗിച്ചോ ഭയപ്പെടുത്തിയോ നടത്തുന്ന ലൈംഗിക കീഴ്പ്പെടുത്തലുകളെല്ലാം ബലാത്സംഗം ആണെന്ന് പറയാം. ലൈംഗികമായ ആക്രമണങ്ങളേയും, മറ്റ് സമ്മതമില്ലാതെയുള്ള ലൈംഗിക അതിക്രമങ്ങളെയും ബലാത്സംഗമായി കണക്കാക്കുന്നു. വിവാഹബന്ധത്തിന് ഉള്ളിലായാലും ധാരാളം ബലാത്സംഗങ്ങൾ നടക്കുന്നു എന്ന് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. ചുണ്ടുകൾ, മാറിടം മറ്റു ശരീരഭാഗങ്ങൾ തുടങ്ങിയവ കടിച്ചു പൊട്ടിക്കുക, ഇടിക്കുക, സിഗരറ്റ് കുറ്റി കൊണ്ട് പൊള്ളിക്കുക, വേദനിപ്പിക്കുക തുടങ്ങി പല രീതിയിൽ ഉള്ള ലൈംഗിക അതിക്രമങ്ങൾ അല്ലെങ്കിൽ ക്രൂരതകൾ ബലാത്സംഗത്തിന് ഇരയാകുന്ന വ്യക്തി അനുഭവിക്കേണ്ടി വരാറുണ്ട്.




ബലാത്സംഗം തെളിയിക്കാൻ വ്യക്തമായ തെളിവുകൾ വേണമെന്നും കോടതി ചൂണ്ടിക്കാട്ടി. പ്രതികളുടെ ഈ പ്രവൃത്തി കാരണം ഇര നഗ്നയാവുകയോ വസ്ത്രം നഷ്ടപ്പെടുകയോ ചെയ്തു എന്ന് സാക്ഷികൾ ആരും പറഞ്ഞിട്ടില്ല. പ്രതികൾ ഇരയെ ലൈംഗികമായി കടന്നു കയറാൻ ശ്രമിച്ചതായി യാതൊരു ആരോപണവുമില്ല. പ്രതികൾ ബലാത്സംഗം ചെയ്യാൻ ഉറച്ചു എന്ന് സൂചിപ്പിക്കുന്ന യാതൊരു തെളിവുകളും രേഖ

പലപ്പോഴും ഇത് ഇരയെ മരണത്തിലേക്ക് നയിച്ചേക്കാം. ഇതിൽ ലിംഗഭേദം ഇല്ല, ഏതു ലിംഗഭേദങ്ങളും ഇരകളും, കുറ്റവാളികൾ ആകാം. പ്രായപൂർത്തിയാകാത്ത കുട്ടികളെ, വളർച്ചയുടെ വൈകല്യയമുള്ളവരെ

ഒരു മുതിർന്ന വ്യക്തി വിവാഹം ചെയ്തോ അല്ലാതെയോ ലൈംഗികമായി ചൂഷണം ചെയ്യുന്നതും ബലാത്സംഗത്തിന്റെ പരിധിയിൽ വരുന്നു. പലപ്പോഴും ദുർബലരായി മറ്റുള്ളവർ കാണുന്ന വ്യക്തികൾ ആണ് കൂടുതലായി ആക്രമിക്കപ്പെടുന്നത്. ഇത്തരം ഇരയെ എളുപ്പം കീഴ്പ്പെടുത്താം എന്ന ചിന്തയാണ് ഇതിന്റെ കാരണം. അതുകൊണ്ട് തന്നെ സ്ത്രീകളും, കുട്ടികളും, വൃദ്ധജനങ്ങളും ബലാത്സംഗത്തിന് വളരെയധികം ഇരയാക്കപ്പെടുന്നതായി കാണപ്പെടുന്നു.

അലഹബാദ് ഹൈക്കോടതി പരിഗണിച്ച കേസിലെ പ്രതികളായ പവനും ആകാശും ബലാൽസംഗം എന്ന ഉദ്ദേശത്തോടുംകൂടി തന്നെയയാണ് പെൺകുട്ടിയെ കലുങ്കിനടിയിലേക്ക് വലിച്ചിഴയ്ക്കാൻ ശ്രമിച്ചത്. സംഭവം കണ്ടുനിന്ന ആളുകൾ ഇടപെട്ടതിനെ തുടർന്ന് പ്രതികൾ സംഭവസ്ഥലത്തുനിന്ന് ഓടി രക്ഷപ്പെട്ടു. എന്നാൽ സംഭവം ആരുടെയും ശ്രദ്ധയിൽ പെട്ടില്ലായിരുന്നുവെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു..? തീർച്ചയായും ആ പെൺകുട്ടി റേപ്പ് ചെയ്യപ്പെട്ടേനെ. കൊലപാതകത്തിന് പ്രേരിപ്പിക്കുന്നത് കൊലപാതകത്തോളം തന്നെ ഗൗരവതരമായ കുറ്റമാണെങ്കിൽ റേപ്പ് ചെയ്യാൻ വലിച്ചിഴച്ച് കൊണ്ടുപോകുന്നത് ബലാൽസംഗ കുറ്റം തന്നെയാണ്. കുട്ടികളുടെ നേർക്കുള്ള ലൈംഗിക അതിക്രമങ്ങൾ അവർക്ക് ശാരീരികവും മാനസികവുമായ ആഘാതം ഏൽപ്പിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇവിടെ അലഹബാദ് ഹൈക്കോടതി ജഡ്ജി തന്റെ വിവദാ പരാമർശത്തിലൂടെ, റേപ്പ് ശ്രമങ്ങളെ പ്രേരിപ്പിക്കുന്ന തരത്തിൽ സമൂഹത്തിന് തെറ്റായ ഒരു സന്ദേശമാണ് നൽകിയിരിക്കുന്നത്. ഒരു റേപ്പ് ശ്രമത്തെ ആരും തടസപ്പെടുത്താതിരുന്നാൽ അത് റേപ്പിലേ കലാശിക്കുകയുള്ളൂ. ഇവിടെ ആളുകൾ കണ്ടതുകൊണ്ട് പ്രതികൾ ഓടിപ്പോയത് അവർക്ക് പോലീസിനെയും നിയമത്തെയും ഭയമുള്ളതുകൊണ്ടല്ല, പിടിക്കപ്പെടും എന്നതിനാലാണ്. എന്നാൽ നിയമഭയം ലഘൂകരിക്കുന്നതാണ്, സ്ത്രീയുടെ മാറിടത്തിൽ സ്പർശിക്കുന്നതും പൈജാമയുടെ ചരട് പൊട്ടിക്കുന്നതും വലിച്ചിഴയ്ക്കാൻ ശ്രമിക്കുന്നതും ബലാത്സംഗ കുറ്റമോ ബലാത്സംഗ ശ്രമമോ ആകില്ലെന്ന ജഡ്ജിന്റെ വാക്കുകൾ.

പോക്സോ നിയമപ്രകാരം ഗുരുതരമായ ലൈംഗികാതിക്രമത്തിന് പ്രതികൾ വിചാരണ നേരിടണമെന്നാണ് ജഡ്ജി ഉത്തരവിട്ടിരിക്കുന്നത്. ലൈംഗിക ആക്രമണം എന്ന വാക്ക് തന്നെ ബലാത്സംഗവുമായി വളരെ അടുത്തുനിൽക്കുന്ന ഒന്നാണ്. ലൈംഗികമായി മറ്റൊരാളെ പീഡിപ്പിക്കുന്നതിൽ ആനന്ദവും സംതൃപ്തിയും കണ്ടെത്തുന്ന ആളുകളിൽ സാമൂഹിക വിരുദ്ധമായതും സ്വന്തം താത്പര്യത്തിൽ അധിഷ്ഠിതമായതുമായ മാനസികാവസ്ഥയും, സാമാന്യ പൗരബോധത്തിന് നിരാകാത്തതായ ചിന്താഗതികളും ഉണ്ടായിരിക്കുന്നതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.

ഒരു വ്യക്തിയുടെ സഹജാവബോധം യുക്തിസഹമായ ചിന്തയെ കീഴടക്കുമ്പോഴാണ് ആ വ്യക്തി ലൈംഗിക ആക്രമണം ഉൾപ്പടെയുള്ള കുറ്റകൃത്യങ്ങൾക്ക് മുതിരുന്നത്. ഒരു പ്രവൃത്തി ബലാത്സംഗം ആകുന്നത് ലിംഗം യോനിയിൽ പ്രവേശിക്കുന്ന സന്ദർഭങ്ങളിൽ മാത്രമാണെന്നാണ് നിയമപുസ്തകങ്ങളിൽ പണ്ടേ എഴുതിവച്ചിരിക്കുന്നത്. ഇത്തരം വ്യാഖ്യാനങ്ങൾ സൃഷ്ടിക്കുന്ന പഴുതുകളിലൂടെ കാമകിങ്കരൻമാർക്കും ബലാൽസംഗ വീരൻമാർക്കും ഞരമ്പ് രോഗികൾക്കും പകൽമാന്യൻമാർക്കും വേഗത്തിൽ രക്ഷപെടാൻ സാധിക്കുന്നുവെന്നത് നിയമസുരക്ഷയുള്ള ഒരു രാജ്യത്തിന് ഭൂഷണമല്ല.

# ജെയിംസ് ഇല്ലിക്കൽ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡണ്ട്





ന്യൂയോർക്ക്: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെസിസിഎൻഎ) പുതിയ പ്രസിഡണ്ടായി ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ) തെരഞ്ഞെടുക്കപ്പെട്ടു. വിപിൻ ചാലുങ്കൽ, ചിക്കാഗോ (ജനറൽ സെക്രട്ടറി), സിജു ചെരുവൻകാലായിൽ, ന്യൂയോർക്ക് (എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്), സൂസൻ തെങ്ങുംതറയിൽ, സാൻഹൊസെ (ജോയിന്റ് സെക്രട്ടറി), ജോജോ തറയിൽ, ഹൂസ്റ്റൺ (ട്രഷറർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മാത്രമാണ് ഇത്തവണ ഇലക്ഷൻ നടന്നത്. വിജയിച്ച വിപിൻ ചാലുങ്കലിന് 87 വോട്ടും എതിർ സ്ഥാനാർത്ഥി ജോൺ വിലങ്ങാട്ടുശ്ശേരിലിന് 51 വോട്ടും ലഭിച്ചു . മുൻ പ്രസിഡണ്ടുമാരായ ബേബി മണക്കുന്നേൽ (ചെയർമാൻ), അലക്സ് (അനി) മഠത്തിൽതാഴെ, സിറിയക് കൂവക്കാട്ടിൽ എന്നിവരടങ്ങിയ കമ്മിറ്റിയാണ് തെരഞ്ഞെടുപ്പിന് നേതൃത്വം നല്കിയത്.

റീജിയണൽ വൈസ് പ്രസിഡണ്ടുമാരായി ഫിൽസ് മാത്യു മാപ്പിളശേരിൽ (ഹൂസ്റ്റൺ), അരുൺ ജോർജ് പൗവ്വത്തിൽ (മയാമി), സിൽവസ്റ്റർ സിറിയക് കൊടുന്നിനാംകുന്നേൽ (ഡാളസ്), ബാബു തൈപ്പറമ്പിൽ (ചിക്കാഗോ), സജി ജോസഫ് ഒരപ്പാങ്കൽ (ന്യൂയോർക്ക്), ഗോഡ്വിൻ കൊച്ചുപുരയ്ക്കൽ (മിനസോട്ട), റ്റോമി ജോസഫ് (വാഷിങ്ടൺ), ജോബിൻ മാനുവൽ മരങ്ങാട്ടിൽ (സാക്രമെൻറോ), ജോബി ഫിലിപ്പ് ഊരാളിൽ (ഫ്ളോറിഡ), മിന്നു ഏബ്രഹാം (കാനഡ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ഡികെസിസി പ്രതിനിധികളായി സിസ്മോൻ തോമസ് (ഒഹായോ), സെബി ചാണ്ടി (സാൻഅൻറോണിയോ), സാജൻ പച്ചിലമാക്കിൽ (ചിക്കാഗോ), മനോജ് ജേക്കബ് (സാൻഹൊസെ), ജോയി പാറടിയിൽ (ന്യൂയോർക്ക്), പാപ്പച്ചൻ പട്ടത്തുവെളിയിൽ (ഫ്ളോറിഡ), റിജോ ജോൺ മങ്ങാട്ട് (കാനഡ) എന്നിവരെയും തെരഞ്ഞെടുത്തു.


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# കൊപ്പേൽ ഇടവകയിൽ പുതുതായി 22 കുട്ടികൾ അൾത്താരശുശ്രൂഷയിലേക്ക് പ്രവേശിച്ചു




**മാർട്ടിൻ വിലങ്ങോലിൽ**

കൊപ്പേൽ: കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ഇടവകക്കു അനുഗ്രഹ മുഹൂർത്തം സമ്മാനിച്ചു പുതുതായി ഇരുപത്തിരണ്ടു ബാലന്മാർ അൾത്താരശുശ്രൂഷയിലേക്ക് പ്രവേശിച്ചു. ചിക്കാഗോ സീറോ മലബാർ രൂപതയിൽ, ഇതാദ്യമായാണ് ഒരു ഇടവകയിൽ ഇത്രയും കുട്ടികൾ ഒന്നിച്ചു ശുശ്രൂഷാ പദവിക്ക് യോഗ്യത നേടുന്നത്.

മാർച്ച് 14, വെള്ളിയാഴ്ച്ച ഇടവകയിൽ വിശുദ്ധ കുർബാനക്കു മുൻപേ നടന്ന ചടങ്ങിൽ വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ എന്നിവർ ശുശ്രൂഷാ ബാലന്മാരെ ആശീർവദിച്ചു കൊത്തീനയും തിരുവസ്ത്രവും നൽകി.

വി. അൽഫോൻസാമ്മക്കു പ്രതിഷ്ഠിതമായിരിക്കുന്ന രീതിയിൽ തിരുവസ്ത്രങ്ങൾ അണിഞ്ഞു ധവള ധാരികളായി 22 ബാലന്മാരും തങ്ങളുടെ ആദ്യ അൾത്താര സേവനത്തിനു തുടക്കം കുറിച്ചു. പുരോഹിതരോടൊപ്പം ഇവർ മദ്ബഹായിൽ പ്രവേശിച്ചപ്പോൾ ഇടവകക്കും അത് ധന്യമുഹൂർത്തമായി.


ദൈവവിളി ധാരാളമായി ചിക്കാഗോ രൂപതയിലേക്കു വർദ്ധിപ്പിക്കുവാനുള്ള ഉദ്ദേശശുദ്ധിയോടെയാണ് ഇടവക വൈദികർ ഇതിനു നേതൃത്വം നൽകി അൾത്താര സേവനത്തിനായി കുട്ടികളെ ഒരുക്കിയെടുത്ത്.

ക്രിസ്തുവിന്റെ പ്രതിപുരുഷനായ വൈദികനെ ബലിയിൽ സേവിക്കുക വഴി ഓരോ ശുശ്രൂഷകനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനോടും അവിടുത്തെ സിംഹാസനമായ ബലിപീഠത്തോടും ഏറ്റവും അടുത്ത് നിൽക്കുവാനുള്ള യോഗ്യത നേടുന്നു. ഈ വിശ്വാസത്തിൽ ഓരോ മദ്ബഹാ ശുശ്രൂഷകനും തങ്ങളുടെ ശുശ്രൂഷകളിലൂടെ ദൈവ നിയോഗമാണ് അനുവർത്തിക്കുന്നത്.

ജോർജ് ജോസഫ്, ലിയോൺ തോമസ് എന്നിവർ കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ നേതൃത്വം നൽകി.



# ഹ്യൂസ്റ്റൺ വേൾഡ് മലയാളി കൗൺസിലിന് നവനേതൃത്വം. അഡ്വ: ലാൽ എബ്രഹാം ചെയർമാൻ, തോമസ് സ്റ്റീഫൻ പ്രസിഡന്റ്




VIJAYAN T P

ഹ്യൂസ്റ്റൺ : ആഗോള സംഘടനയായ വേൾഡ് മലയാളി കൗൺസിൽ ഹ്യൂസ്റ്റൺ പ്രൊവിൻസ് ചെയർമാനായി അഡ്വ: ലാൽ അബ്രഹാമിനെയും പ്രസിഡന്റായി തോമസ് സ്റ്റീഫനെയും തെരഞ്ഞെടുത്തു. അല്ലി ജോപ്പൻ ( വൈസ് ചെയർ പേഴ്സൺ) ബിജു എബ്രഹാം ( വൈസ് പ്രസിഡന്റ് അഡ്മിൻ), സായി ഭാസ്കർ (വൈസ് പ്രസിഡന്റ് ഓർഗനൈസേഷൻ ), ജോൺ വർഗീസ് ( ജോയിന്റ് സെക്രട്ടറി), മാമൻ ജോർജ് ( ട്രഷറർ), ചെറിയാൻ മാത്യു (ജോയിന്റ് ട്രഷറർ) ,ഡോ:അലോണ ജോപ്പൻ ( യൂത്ത് ഫോറം chair) എന്നിവരാണ് മറ്റു ഭാരവാഹികൾ.




ഗ്ലോബൽ പ്രസിഡന്റ് തോമസ് മൊട്ടക്കൽ , സെക്രട്ടറി ജനറൽ ദിനേശ് നായർ, ട്രഷറർ ഷാജി മാത്യു, അഡ്മിൻ വൈസ് പ്രസിഡന്റ് ജെയിംസ് കൂടൽ, വൈസ് പ്രസിഡന്റ് ഡോ . തങ്കം അരവിന്ദ് , ജോയിന്റ് ട്രഷറർ ഡോ ഷിബു സാമുവേൽ എനിവർ പുതിത ഭാരവാഹികളെ അഭിനന്ദിച്ചു

ജൂലായ് 25 മുതൽ മുന്ന് ദിവസം ബാങ്കോക്കിൽ നടത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പതിനാലാമത് ആഗോള ദിവത്സര സമ്മേളനത്തിന് ഹ്യൂസ്റ്റൺ പ്രോവിൻസിന്റെ പിന്തുണയും സജീവ പങ്കാളിത്തവും ഉണ്ടാകണമെന്ന് സംഘടക സമിതി ചെയർമാൻ ഡോ. ബാബു സ്റ്റീഫൻ (യു. എസ്. എ) , അജോയ് കല്ലൻകുന്നിൽ (തായ്‌ലാൻഡ്) ജനറൽ കൺവീനർ, സുരേന്ദ്രൻ കണ്ണാട്ട് (ഹൈദരാബാദ്) വൈസ് ചെയർമാൻ എന്നിവർ അഭ്യർത്ഥിച്ചു

WMC യിൽ പുതിയ അംഗത്വം എടുക്കുന്നതിനും, ബാങ്കോക്കിൽ ബൈനിയൽ കോൺഫെറൻസിൽ പങ്കെടുക്കാനുള്ള രെജിസ്ട്രേഷനും നിരവധി പേർ തുടക്കം കുറിച്ചു. ജൂലായ് 25 മുതൽ മുന്ന് ദിവസം ബാങ്കോക്കിൽ നടത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പതിനാലാമത് ദ്വിവത്സര സമ്മേളനത്തിന്റെ വിജയത്തിനായി 101 അംഗ സംഘടക സമിതി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു

1995ൽ അമേരിക്കയിലെ ന്യൂ ജേഴ്സിയിൽ ടി. എൻ. ശേഷൻ, കെ. പി. പി. നമ്പ്യാർ, ഡോ. ബാബു പോൾ, ഡോ.ടി. ജി. എസ്.സുദർശൻ തുടങ്ങിയ പ്രഗത്ഭമതികൾ ആരംഭിച്ച പ്രവാസി മലയാളികളുടെ ഈ ആഗോള പ്രസ്ഥാനം ഇന്ന് അമ്പതിലേറെ രാജ്യങ്ങളിൽ ശാഖകൾ ഉള്ള ഏറ്റവും വലിയ ആഗോള മലയാളി പ്രസ്ഥാനമാണ്.



# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL



# ശൂന്യാകാശം കീഴടക്കിയ പുകൾപെറ്റ പുത്രിയെ സ്വീകരിക്കാൻ ഇന്ത്യ ഒരുങ്ങുന്നു...

**എ.എസ് ശ്രീകുമാർ**

കണ്ണെത്താത്ത ദൂരെ, നാനൂറ് കിലോമീറ്ററിനുമപ്പുറം ബഹിരാകാശത്തിന്റെ ഇരുൾപ്പരപ്പിൽ നക്ഷത്രജാലങ്ങൾക്ക് താഴെ ഭൂമിയെന്ന നീലിമ ചാർത്തിയ ഗ്രഹത്തെ നോക്കി സുനിത വില്യംസ് കഴിഞ്ഞത് ഒന്നും രണ്ടുമല്ല, 286 ദിവസങ്ങളാണ്. ഇക്കാലത്ത് ഭൂമിയിൽ നിന്ന് അങ്ങാകാശത്തേയ്ക്ക് കണ്ണയച്ചുനിന്ന പലരും ഒരു വെള്ളിപ്പൊട്ടുപോലെ തെന്നിയൊഴുകിപ്പോകുന്ന അന്താരാഷ്ട്ര ബഹിരാകാശ നിലയത്തെ (ഐ.എ സ്.എസ്) ഇമവെട്ടാതെ

കണ്ടിരിക്കും. അതിലേയ്ക്ക് വെറും എട്ടുദിവസത്തെ ദൗത്യത്തിന് പോയി പരീക്ഷണ നിരീക്ഷണങ്ങൾക്കൊപ്പം ഭൂമിയിലേയ്ക്കുള്ള മടക്കവും കാത്തുകഴിയുന്ന ഇന്ത്യൻ വംശജ സുനിതയുമുണ്ടല്ലോയെന്ന് നാം തെല്ലഭിമാനത്തോടെ ഓർത്തിരിക്കണം. ഒടുവിൽ, ശൂന്യാകാശത്തെ പ്രണയിച്ച സുനിത മാതൃഗ്രഹത്തിൽ കാൽതൊട്ടു...അത് ചരിത്രമായി...

ഗുജറാത്തിലെ ജുലാസൻ ഗ്രാമം സുനിതയുടെ തിരിച്ചുവരവ് പടക്കം പൊട്ടിച്ചും മധുരം വിതരണം ചെയ്തുമാണ് ആഘോഷിച്ചത്. സുനിത വില്യംസും സംഘവും സുരക്ഷിതമായി തിരിച്ചെത്താൻ ഇന്ത്യയിലെ വിവിധ ക്ഷേത്രങ്ങളിൽ പ്രത്യേക പ്രാർഥനകളും പൂജകളും നടന്നിരുന്നു. തന്റെ പിതാവിന്റെ പൂർവ്വിക ഭൂമിയായ ഇന്ത്യയിലേയ്ക്ക് സുനിത വില്യംസ് താമസിയാതെ എത്തുമെന്നാണ് പുതിയ വാർത്തകൾ.

140 കോടി ഇന്ത്യക്കാരുടെ അഭിമാനമായ സുനിത വില്യംസിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേയ്ക്ക് ക്ഷണിച്ചിരിക്കുന്നു. മാർച്ച് ഒന്നാം തീയതി അയച്ച കത്തിലാണ് ക്ഷണം. ഇന്ത്യയിലെത്തിയ നാസ ശാസ്ത്രജ്ഞൻ മൈക്ക് മസിമിനോ മുഖേന അയച്ച കത്ത് കേന്ദ്ര ശാസ്ത്ര മന്ത്രി ജിതേന്ദ്ര സിങ്ങാണ് പുറത്തുവിട്ടത്. പ്രധാനമന്ത്രിയോടും ഇന്ത്യയോടും സുനിത നന്ദി അറിയിച്ചതായി ജിതേന്ദ്ര സിങ് പറഞ്ഞു.




''ഇന്ത്യക്കാരുടെ അഭിവാദ്യങ്ങൾ അറിയിക്കട്ടെ. യു.എസ് സന്ദർശനത്തിൽ ട്രംപിനെയും ബൈഡനെയും കാണുമ്പോഴൊക്കെയും സുനിതയുടെ ക്ഷേമം അന്വേഷിച്ചിരുന്നു. സുനിത ഞങ്ങളുടെ ഹൃദയത്തിനരികിലാണ്. സുനിതയുടെ ആരോഗ്യത്തിനും മിഷന്റെ വിജയത്തിനും ഇന്ത്യക്കാർ പ്രാർത്ഥിക്കുന്നു. 2016-ൽ യു.എസിലെത്തിയപ്പോൾ സുനിതയെ കണ്ടത് ഓർമയിലുണ്ട്. മടങ്ങിവന്ന ശേഷം നമുക്ക് ഇന്ത്യയിൽ കാണാം. പുകൾപെറ്റ പുത്രിയെ സ്വീകരിക്കുന്നത് ഇന്ത്യക്കാർക്ക് ആനന്ദകരമാണ്...'' മോദി കത്തിൽ കുറിച്ചതിങ്ങനെ.

സുനിത ഉടൻ തന്നെ ഇന്ത്യ സന്ദർശിക്കുമെന്ന് സുനിതയുടെ സഹോദരഭാര്യ ഫാൽഗുനി പാണ്ഡ്യയാണ് വെളിപ്പെടുത്തിയത്. ''കൃത്യമായ തീയതി ഇപ്പോൾ ലഭ്യമല്ല, എങ്കിലും ഈ വർഷം തന്നെ സുനിത ഇന്ത്യയിലേക്ക് വരും എന്ന്



പ്രതീക്ഷിക്കുന്നു. ഞങ്ങൾ ഒരുമിച്ച് അവധിക്കാലം ആഘോഷിക്കാനാണ് പദ്ധതിയിടുന്നത്. കുടുംബവുമായി ധാരാളം സമയം സുനിതയ്ക്ക് ചെലവിടാനാകും എന്നാണ് പ്രതീക്ഷ...'' ഫാൽഗുനി വ്യക്തമാക്കി. സുനിത തങ്ങൾക്കെല്ലാവർക്കും ഒരു പ്രചോദനമാണെന്നും സെപ്റ്റംബർ 19-ന് 59-ാം ജന്മദിനം ബഹിരാകാശത്ത് ആഘോഷിച്ച സുനിതയ്ക്ക് ഇഷ്ടപ്പെട്ട മധുരപലഹാരമായ കാജു കട്ലി അയച്ചുകൊടുത്തിരുന്നുവെന്നും ഫാൽഗുനി ഓർത്തെടുത്തു.

ഒഹായോയിലെ യൂക്ലിഡിൽ 1965 സപ്തംബർ 19-ന് ജനിച്ച സുനിതയുടെ അച്ഛൻ ഗുജറാത്തിൽ നിന്ന് അമേരിക്കയിലെത്തിയ പ്രശസ്ത മെഡിക്കൽ ഡോക്ടർ ദീപക് പാണ്ഡ്യയാണ്. കൊല്ലപ്പെട്ട മുൻ ഗുജറാത്ത് മന്ത്രി ഹരേൺ പാണ്ഡ്യയുടെ അമ്മയുടെ സഹോദരനാണ് ദീപക്. അമ്മ യൂഗോസ്ലാവ്യയിൽ നിന്ന് അമേരിക്കയിലേക്കു കുടിയേറിയ ബോണി. സ്കൂളിലും കോളേജിലുമൊന്നും അസാമാന്യ മികവു കാണിച്ച വിദ്യാർഥിനിയായിരുന്നില്ല സുനിത. ചേട്ടൻ നാവിക അക്കാദമിയിൽ ചേർന്നതുകൊണ്ടാണ് താനും ആ പാത പിന്തുടർന്നതെന്ന് സുനിത പറഞ്ഞിട്ടുണ്ട്. നാവിക അക്കാദമിയിൽ ഹെലികോപ്റ്റർ പറത്തുന്ന ജോലിയിലാണ് സുനിത പരിശീലനം നേടിയത്. പിന്നെ ടെസ്റ്റ് പൈലറ്റ് സ്കൂളിൽ ചേർന്നു. അവിടെ നിന്നാണ് ബഹിരാകാശ ഗവേഷണ മേഖലയിലേയ്ക്കു കടക്കുന്നത്. അത് പ്രകാശ വേഗത്തിൽ തന്നെ സ്പേസ് കീഴടക്കുന്നതിലേയ്ക്ക് വളർന്നു.

അതേസമയം ഇന്ത്യൻ ഭക്ഷങ്ങളോട് സുനിതയ്ക്ക് വലിയ ഇഷ്ടമാണ്. ആത്മീയ കാര്യങ്ങളിലും ശ്രദ്ധ നൽകുന്ന സുനിത ഒരിക്കൽ പറഞ്ഞത് ബഹിരാകാശ യാത്രയിൽ താൻ ഭഗവദ്ഗീതയും ഗണപതി ഭഗവാന്റെ വിഗ്രഹവും ഇന്ത്യൻ പലഹാരമായ കാജു കട്ലിയും കൊണ്ടുപോകാറുണ്ടെന്നാണ്. ഗണപതി തന്റെ ഭാഗ്യദേവനാണെന്നും താൻ തികഞ്ഞ ഭക്തയാണെന്നും അവർ വെളിപ്പെടുത്തിയിട്ടുണ്ട്. ഒറ്റയ്ക്ക് നടത്തുന്ന ബഹിരാകാശ യാത്രകളിലെല്ലാം ഭഗവദ്ഗീത നിർബന്ധമായും കരുതാറുണ്ടെന്ന് സുനിത നേരത്തേ പറഞ്ഞിരുന്നു. ദൗത്യത്തിനിടെ ഭൂമിയെ ചുറ്റുമ്പോൾ ഈ പുണ്യ ഗ്രന്ഥങ്ങളിൽ നിന്ന് ജ്ഞാനവും ശക്തിയും നേടിയെടുക്കാനാണ് ഇവ കരുതിയിരുന്നത് എന്നായിരുന്നു പറഞ്ഞത്.

2007 സെപ്തംബറിൽ ഇന്ത്യയിലെത്തിയ സുനിത പ്രധാനമന്ത്രി മൻമോഹൻ സിങ്ങുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. സബർമതി ആശ്രമവും ഗുജറാത്തിൽ അവരുടെ പിതാവിന്റെ ജന്മഗ്രാമമായ ജുലാസൻ എന്നിവിടങ്ങൾ സന്ദർശിച്ചു. ഈ സന്ദർശനവേളയിൽ വേൾഡ് ഗുജറാത്തി സൊസൈറ്റി സുനിതയ്ക്ക് 'സർദാർ വല്ലഭായി പട്ടേൽ വിശ്വപ്രതിഭാ അവാർഡ്' നല്കുകയുണ്ടായി. 2007 ഒക്ടോബർ 4ന് അമേരിക്കൻ എംബസി സ്ക്കൂളിൽ പ്രഭാഷണം നടത്തുകയും ചെയ്തു.

സോണിയാ ഗാന്ധിയുമായിയും സുനിത കൂടിക്കാഴ്ച നടത്തിയിരുന്നു. അന്ന് കോൺഗ്രസ് അധ്യക്ഷയായിരുന്നു സേണിയ. ന്യൂഡൽഹിയിലെ അവരുടെ ഔദ്യോഗിക വസതിയിലായിരുന്നു സുനിത വില്യംസ് സോണിയാ ഗാന്ധിയെ കാണാനെത്തിയത്. ആറ് ദിവസത്തെ ഇന്ത്യൻ സന്ദർശനത്തിനായിരുന്നു അന്ന് സുനിത ഇന്ത്യയിലെത്തിയത്. 195 ദിവസം ബഹിരാകാശത്ത് തങ്ങിയ ഏക വനിതാ യാത്രിക എന്ന നേട്ടം സ്വന്തമാക്കിയതിന് ശേഷമായിരുന്നു അന്നത്തെ ഇന്ത്യ സന്ദർശനം. നേട്ടത്തിൽ മനസ് നിറഞ്ഞ് സോണിയ അഭിനന്ദിക്കുകയും ചെയ്തു. ഫ്ളോറൽ പ്രിന്റിലുള്ള ചുരിദാറായിരുന്നു ആയിരുന്നു സുനിതയുടെ വേഷം. നിരവധി പരിപാടികളിൽ പങ്കെടുത്താണ് അന്ന് സുനിത അമേരിക്കയിലേയ്ക്ക് മടങ്ങിയത്.



# ഒരു ചൂടു ചായ





**(രാജു മൈലപ്രാ)**

'യോഗമുള്ളവന് തേടി വെയ്ക്കണ്ടാ'– എന്നൊരു പഴമൊഴിയുണ്ട്. ചുമ്മാതെ ചൊറിയും കുത്തി വീട്ടിലിരുന്നാൽ മതി. കെട്ടുകണക്കിന് നോട്ടുകെട്ടുകളുമായി ഭാഗ്യദേവത അവന്റെ പടിവാതിൽക്കൽ വന്നു മുട്ടും.

എല്ലാ മനുഷ്യരിലും ഒരു ഭാഗ്യാന്വേഷി ഒളിഞ്ഞിരിപ്പുണ്ട്. അവസരം കിട്ടുമ്പോഴൊക്കെ അവരതൊന്നു പരീക്ഷിച്ചു നോക്കും. ഒരിക്കലെങ്കിലും ഒരു ലോട്ടറി ടിക്കറ്റ് എടുക്കാത്തവർ ചുരുക്കമാണ്. സ്ഥിരമായി ലോട്ടറി എടുത്ത് നിരാശ വിലയ്ക്കു വാങ്ങുന്നവരും ധാരാളം. നമ്മുടെ കേരള സർക്കാരിന്റെ ഖജനാവ് നിറയുന്നത് ഇവരുടെ കണ്ണീരിന്റെ കാശുകൊണ്ടാണല്ലോ!

'എന്റെ ചെറുപ്പകാലത്ത് ലോട്ടറി ടിക്കറ്റിന് ഒരു രൂപാ മാത്രമേ വിലയുണ്ടായിരുന്നുള്ളൂ. ഒന്നാം സമ്മാനം ഒരു അംബാസിഡർ കാർ. പിന്നീട് കാറു കൂടാതെ, ഒരു ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി. അത് കൂടുതൽ ആകർഷണീയമാക്കി.

'ഒരു രൂപാ നോട്ടുകൊടുത്താൽ

ഒരു ലക്ഷം കൂടെപ്പോരും.....

ഭാഗ്യം കയറിവരുന്ന രഹസ്യം

പാവം പയ്യനറിഞ്ഞില്ല

അമ്പിളി പോലൊരു പെണ്ണുംകെട്ടി

അവനിന്നിമ്പാലയിൽ നടപ്പൂ......'

അടൂർ ഭാസി പാടി അഭിനയിച്ച ഈ ഗാനം പണ്ട് വളരെ പ്രസിദ്ധമായിരുന്നു.

കുതിരപ്പന്തയത്തിൽ ഒരു കൈ നോക്കി കുത്തുപാളയെടുത്ത പലരുമുണ്ട്.

'കാസിനോ'കളോട് കമ്പമുള്ള അമേരിക്കൻ മലയാളികൾ ധാരാളം. ആയിരവും രണ്ടായിരവും മുടക്കുമ്പോൾ, ഒരു നൂറു ഡോളർ തിരിച്ചു കിട്ടിയാൽ അവർ വെരി വെരി ഹാപ്പി. ആ നൂറു രൂപയുടെ ചൂണ്ടയിൽ അവർ കുരുങ്ങിപ്പോകും., വീണ്ടും പോകാനുള്ള ഒരു പ്രലോഭനം.

ഇത്രയുമൊക്കെ ആമുഖമായി പറയുവാൻ കാരണം, ഈയടുത്തകാലത്ത് ശ്രദ്ധയിൽപ്പെട്ടൊരു വാർത്തയാണ്.

'സ്റ്റാർ ബക്ക്സ് ' എന്ന പ്രസിദ്ധമായ സ്ഥാപനത്തിൽ നിന്നും ചായ വാങ്ങിയ ഒരുത്തന്റെ ദേഹത്ത് ചൂടു വെള്ളം വീണു. അടപ്പ് ശരിക്ക് അടയ്ക്കാതെയാണ് കപ്പ് കൈമാറിയതെന്നാണ് ആരോപണം.

തിളച്ച വെള്ളം വീണത് അവന്റെ മണിമംഗലത്താണ്. പ്രതിഷ്ഠയാകെ പൊള്ളി നാശമായി. ഇത്രയും കാലം പൊന്നുപോലെ പൊതിഞ്ഞുകൊണ്ടു നടന്ന 'സാധനം' ഒരു നിമിഷത്തെ അശ്രദ്ധകൊണ്ട് മുക്കുപണ്ടമായത് എങ്ങിനെ സഹിക്കും?

വിവാഹ ആലോചനയുമായി വരുന്നവർ, മോഹൻലാൽ സിനിമയിലെപ്പോലെ 'സാധനം കൈയ്യിലുണ്ടോ?' എന്നു ചോദിച്ചാൽ എന്തു സമാധാനം പറയും.

ഇത് അമേരിക്കയാണ്. അന്യന്റെ അശ്രദ്ധ മൂലമുണ്ടാകുന്ന ശാരീരികവും, മാനസീകവുമായ എല്ലാ ക്ലേശങ്ങൾക്കും മാന്യമായ നഷ്ടപരിഹാരം ലഭിക്കുവാനുള്ള വകുപ്പുണ്ട്.

ഈ ചെറുപ്പക്കാരന് പറ്റിയ നഷ്ടത്തിന് എത്ര വലിയ തുക കൊടുത്താലും അതൊരു പരിഹാരമല്ല. നഖം വെട്ടുന്ന ലാഘവത്തോടെ ഹൃദയം പോലും മാറ്റിവെയ്ക്കാവുന്ന തരത്തിൽ മെഡിക്കൽ സയൻസ് വളർന്നിട്ടും, ഈ ഒരു സാധനം മാറ്റി, പകരം പുതിയൊരെണ്ണം വയ്ക്കാവുന്ന സമ്പ്രദായം ഇതുവരെ നടപ്പിൽ വന്നിട്ടില്ല. വേണമെങ്കിൽ സ്കിൻ ഗ്രാഫ്റ്റിംഗ് പോലെയുള്ള ചില അറ്റകുറ്റപ്പണികൾ ചെയ്യാമെന്നു മാത്രം.

മനുഷ്യരാശിയുടെ നിലനിൽപ്പുതന്നെ ഈ ഒരു ഉപകരണത്തെ ആശ്രയിച്ചാണിരിക്കുന്നത്.

അത്ര വിലപിടിപ്പുള്ള ഒരു സാധനമാണ്, തിളച്ചവെള്ളം വീണ് ആകെപ്പാടെ ഹൽഗുത്തായത്.

ഇതിങ്ങിനെ വിട്ടാൽ പറ്റില്ലല്ലോ! വക്കീലായി, കേസായി, കോടതിയായി. വിചാരണ വേളയിൽ, വനിതകളായ പല ജൂറിയംഗങ്ങളും വിതുമ്പി കരഞ്ഞു എന്നാണ് വിവരാവകാശ നിയമപ്രകാരം പുറത്തുവന്നത്.

ആവലാതിക്കാരന്റെ ശാരീരിക വേദന, മാനസീക വിഷമം, ലൈംഗിക സുഖ നഷ്ടം, നാണക്കേട്, അവയവ രൂപവൈകൃതം– അങ്ങിനെ വിവിധ വകുപ്പുകളെല്ലാം കൂടിചേർത്ത് അമ്പത് മില്യൻ ഡോളർ നൽകുവാൻ ജൂറി ഉത്തരവായി.

നോക്കിക്കോണെ, ഓരോരുത്തന്മാരെ ഭാഗ്യം തേടിവരുന്ന വഴികൾ!

വൈകുന്നേരം വാർത്ത കണ്ടുകൊണ്ടിരുന്ന എന്നോട്, പ്രിയതമ പുഷ്പ പതിവിൽക്കവിഞ്ഞ സ്നേഹം നടിച്ചുകൊണ്ട് ചോദിച്ചു: 'എന്തിനാ ഈ ടിവിയുടെ മുന്നിൽ സദാ സമയവും വായും പൊളിച്ചുകൊണ്ടിരിക്കുന്നത്?പുറത്തെങ്ങാനും പോയി ഒന്നു ഫ്രഷായി വരരുതോ?'

ബാക്ക് യാർഡിൽ ചെടിക്കു വെള്ളം നനക്കുവാൻ പോയാൽ, നൂറു ചോദ്യം ചോദിക്കുന്നവളാണ് പതിവില്ലാതെ ഈ ഉപദേശം നൽകുന്നത്.

'എന്താടി പതിവില്ലാത്ത ഒരു സ്നേഹം?

'ഓ– ഇങ്ങേര് ഇവിടിരുന്ന് ബോറടിക്കുന്നത് കണ്ടപ്പോൾ പറഞ്ഞതാ!'


സമാധാനമായ ഒരു കുടുംബ ജീവിതത്തിന് അനുസരണം നല്ലതാണെന്ന് അനുഭവിച്ചിട്ടുള്ള ഞാൻ, അവളുടെ നിർദ്ദേശ പ്രകാരം പുറത്തേക്ക് പോകാനൊരുങ്ങി.

' സ്റ്റാർബക്ക്സിൽ നല്ല കോഫി കിട്ടും. അവിടെ നിന്നും നല്ല ചൂടുള്ള ഒരു കാപ്പിയൊക്കെ കുടിച്ച് പതിയെ വന്നാൽ മതി.' അവളുടെ ഒരു കരുതൽ.

ഞാൻ വീടിന്റെ പടിയിറങ്ങുമ്പോൾ പിന്നിൽ നിന്നും പതുങ്ങിയ സ്വരത്തിൽ ഒരു പ്രാർത്ഥന കേട്ടു.

' കർത്താവെ! അമ്പത് മില്യനൊന്നും വേണ്ടാ, ആ പോന്ന മൊതലിന് ഒരു അമ്പതിനായിരമെങ്കിലും കിട്ടിയാൽ മതി. ആ കൈയിലിരിക്കുന്ന സാധനം കൊണ്ട് ആർക്കും വലിയ പ്രയോജനമൊന്നുമില്ലല്ലോ!'

ഇതാണ് ഭാര്യ– ഇതാവണം ഭാര്യ!


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# സെയിന്റ് ലൂക്ക് ഓർത്തഡോക്സ് മിഷൻ ഇടവകയിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്

**ഉമ്മൻ കാപ്പിൽ**

ബെൻസേലം (പെൻസിൽവേനിയ): നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസിന്റെ കിക്കോഫും രജിസ്ട്രേഷനും മാർച്ച് 16 ഞായറാഴ്ച ബെൻസേലം സെയിന്റ് ലൂക്ക് ഓർത്തഡോക്സ് മിഷൻ ഇടവകയിൽ ആരംഭിച്ചു.

കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ്, ഭദ്രാസന കൗൺസിൽ അംഗം ഷെയ്ൻ ഉമ്മൻ, കോൺഫറൻസ് സുവനീർ എഡിറ്റർ ജെയ്സി ജോൺ, രജിസ്ട്രേഷൻ കമ്മിറ്റി അംഗം കെയ്ല ഉമ്മൻ എന്നിവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു.

കുർബാനയ്ക്ക് ശേഷം നടന്ന യോഗത്തിൽ, ഭദ്രാസനത്തിലെ ഏറ്റവും വലിയ ആത്മീയ ശുശ്രൂഷയായ കോൺഫറൻസിനെ പരിചയപ്പെടുത്തിക്കൊണ്ട് ജെയ്സൺ തോമസ് സംസാരിച്ചു. ഷെയ്ൻ ഉമ്മൻ സ്പോൺസർഷിപ്പിന്റെ വിശദാംശങ്ങൾ നൽകി.





കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ലേഖനങ്ങൾ, പരസ്യങ്ങൾ, ആശംസകൾ എന്നിവ ഉൾപ്പെടുത്താൻ അവസരമുണ്ടെന്ന് ജെയ്സി ജോൺ അറിയിച്ചു.

കെയ്ല ഉമ്മനും ഇടവകാംഗമായ ബെഥനി ജോണും മുൻകാല കോൺഫറൻസുകളിൽ നിന്നുള്ള ഹൃദ്യമായ ഓർമ്മകൾ പങ്കുവെച്ചു.

വികാരി ഫാ. ഗീവർഗീസ് ജോൺ കോൺഫറൻസിനെപ്പറ്റിയുള്ള തന്റെ ഹൃദ്യമായ അനുഭവങ്ങൾ പങ്കുവയ്ക്കുകയും







കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാനും സാധ്യമായ എല്ലാ വഴികളിലൂടെയും പിന്തുണയ്ക്കാനും എല്ലാവരെയും പ്രോത്സാഹിപ്പിച്ചു. എല്ലാവർക്കും ഒരു മാതൃകയായി ഫാ. ഗീവർഗീസ് ജോൺ ആദ്യ രജിസ്ട്രേഷൻ കൈമാറി. ഇടവക സെക്രട്ടറി അനിൽ ജോർജും ട്രസ്റ്റി പ്രീതി ഫിലിപ്പും സുവനീറിന് പള്ളിയുടെ ആശംസകളും സംഭാവനയും നൽകി. നിരവധി അംഗങ്ങൾ സ്പോൺസർഷിപ്പിലൂടെയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്തും പിന്തുണ അറിയിച്ചു.

കോൺഫറൻസിന് പ്രാർത്ഥനാപൂർവ്വം പിന്തുണ നൽകിയ ഇടവക വികാരി, ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവരോട് ജെയ്സൺ തോമസ് നന്ദി അറിയിച്ചു..

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.













Discover
a New You at
TOTAL MEDICAL 360 LLC.
TOTAL MEDICAL 360
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# ട്രാൻസിറ്റ് റിട്ടയറീസ് സംഗമം വേറിട്ടൊരനുഭവമായി

ഈപ്പൻ ചാക്കോ

ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റിൽ നിന്നും വിരമിച്ചു വിശ്രമജീവിതം നയിക്കുന്നവരുടെ കൂട്ടായ്മയായ 'ട്രാൻസിറ്റ് റിട്ടയറീസ് ഫോറ'ത്തിന്റെ ഈ വർഷത്തെ ആദ്യത്തെ ത്രൈമാസ സംഗമം ഗ്ലെനൊക്സിലുള്ള ദിൽബാർ റെസ്റ്റോറന്റിൽ നടന്നു. പൗലോസ് അരികുപുറത്തു ഏവർക്കും സ്വാഗതം ആശംസിച്ചു. റിട്ടയർ ചെയ്തവരിൽ കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ അന്തരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് പരിപാടിക്കു തുടക്കമിട്ടത്. മുഖ്യാതിഥിയായി എത്തിയ ശ്രീ ജോൺ തോമസിനെ ബാബു പാറയ്ക്കൽ സദസ്സിനു പരിചയപ്പെടുത്തി.



തുടർന്ന് നടത്തിയ സെഷനിൽ അമേരിക്കയിലെ മാറുന്ന ടാക്സ് നിയമങ്ങളെപ്പറ്റിയും അംഗങ്ങൾ അതിന്റെ ഗുണഭോക്താക്കൾ ആകാൻ ചെയ്യേണ്ട അടിസ്ഥാന കാര്യങ്ങളെപ്പറ്റിയും അദ്ദേഹം വിവരിച്ചു. 401, 457 പോലെയുള്ള നിക്ഷേപങ്ങളിൽ നിന്നും പണം ഗുണപരമായി പിൻവലിക്കേണ്ടതിന്റെ സമയക്രമവും തുകയുടെ പരിധിയും അതിന്റെ ഉപയോഗപ്പെടുത്താവുന്ന നികുതി മാനദണ്ഡങ്ങളും വിശദീകരിച്ചത് ഏവർക്കും പ്രയോജനകരമായി. നികുതിയിനത്തിലുള്ള വിവിധ മേഖലകളിലെ ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി നൽകി. വിദേശത്തു നിന്നും വസ്തുവകകൾ വിറ്റിട്ടോ മറ്റു ബിസിനസ്സുകളിൽ നിന്നോ വലിയ തുകകൾ അമേരിക്കയിലേക്ക് കൊണ്ടുവരുന്നതിന്റെ പരിധിയും പരിമിതികളും പ്രത്യേക വിഭാഗത്തിലുള്ള ആനുകൂല്യങ്ങളും അതിന്റെ നിയമ സാധുതകളും വിശദീകരിച്ചത് പലർക്കും പുതിയ അറിവായി.

ന്യൂഹൈഡ് പാർക്കിലുള്ള ഹിൽ സൈഡ് ബുളുവാഡിൽ സ്വന്തമായി അക്കൗണ്ടിംഗ് ഓഫീസ് നടത്തുന്ന ശ്രീ ജോൺ തോമസ് സി പി എ ഈ സീസണിലെ ഏറ്റവും തിരക്കേറിയ സമയമായിട്ടും ഇങ്ങനെ ഒരു സെഷനിൽ പങ്കെടുത്തു മാർഗ്ഗ നിർദ്ദേശം നൽകാൻ കാണിച്ച നല്ല മനസ്സിന് അംഗങ്ങൾക്ക് വേണ്ടി ശ്രീ ഈപ്പൻ ചാക്കോ നന്ദി പ്രകാശിപ്പിച്ചു. ദിൽബാറിലെ വിഭവ സമൃദ്ധമായ ബുഫേയിലും എല്ലാവരും പങ്കുകൊണ്ടു.

കഴിഞ്ഞ ത്രൈമാസ സമ്മേളനത്തിൽ ലോങ്ങ് ഐലൻഡ് ജ്യൂവിഷ് ഹോസ്പിറ്റലിലെ പ്രധാന സ്പെഷ്യലിസ്റ്റുകളിൽ ഒരാളായ ഓൺകോളജിസ്റ്റ് ഡോ. ടോണി ഫിലിപ്പ് 'ക്യാൻസറിനെ എങ്ങനെ ഫലപ്രദമായി പ്രതിരോധിക്കാം' എന്ന വിഷയത്തിൽ ക്ലാസ്സ് എടുക്കുകയുണ്ടായി. അങ്ങനെ ഓരോ സമ്മേളനങ്ങളിലും അംഗങ്ങൾക്ക് പ്രയോജനകരമായ വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരെ എത്തിച്ചു നടത്തുന്ന ഈ ശ്രമങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് ശ്രീ ഈപ്പൻ ചാക്കോയും ശ്രീ പൗലോസ് അരികുപുറത്തും ആണ്. ട്രാൻസിറ്റിൽ നിന്നും വിരമിച്ച മലയാളികളായ ആർക്കും ഇതിൽ അംഗമാകാം. മറ്റു സംഘടനകളെ പോലെ ഇതിൽ മെംബർഷിപ് ഫീ ഇല്ല എന്നതും പ്രത്യേകതയാണ്.



# നായർ ബനവലന്റ് അസോസിയേഷന്റെ കുടുംബ സംഗമവും അക്കാഡമിക് അവാർഡ് നൈറ്റും വൻ വിജയം!



ന്യൂയോർക്ക്: ന്യൂയോർക്കിലുള്ള കൊട്ടിലല്യൺ റെസ്റ്റോറന്റിൽ വച്ച് 2025 15-ാം തീയതി ശനിയാഴ്ച വൈകിട്ട് 6 മണി മുതൽ നായർ ബനവലന്റ് അസോസിയേഷൻ, വാർഷിക കുടുംബ സംഗമവും അക്കാഡമിക് അവാർഡ് നൈറ്റും പൂർവാധികം വിപുലമായി സംഘടിപ്പിച്ചു. ജോ. സെക്രട്ടറി ജയപ്രകാശ് നായർ ഏവരെയും സ്വാഗതം ചെയ്തു. പ്രസിഡന്റ് ക്രിസ് തോപ്പിൽ ചീഫ് ഗസ്റ്റിനെയും അവാർഡുകൾ സ്വീകരിക്കുന്ന കുട്ടികളെയും പരിചയപ്പെടുത്തുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു. ട്രസ്റ്റീ ബോർഡ് ആക്ടിംഗ് ചെയർമാൻ ഉണ്ണിക്ക്യൃഷ്ണ മേനോൻ, എൻ.ബി.എ.യുടെ പ്രവർത്തനം മുൻ വർഷങ്ങളെ അപേക്ഷിച്ചു വളരെ മികച്ചു നിൽക്കുന്നു എന്നു പറയുകയുണ്ടായി.

തുടർന്ന് പ്രസിഡന്റ് ക്രിസ് തോപ്പിൽ, പ്രഥമ വനിത വത്സ കൃഷ്ണ, മുഖ്യാതിഥി ഡോ. മധു ഭാസ്കർ, കെ.എച്.എൻ.എ പ്രസിഡന്റ് ഡോ നിഷാ പിള്ള, മന്ത്ര ട്രസ്റ്റീ ബോർഡ് ചെയർമാൻ വിനോദ് കെയാർകെ, ട്രഷറർ രാധാമണി നായർ, ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ആക്ടിംഗ് ട്രസ്റ്റീ ബോർഡ് ചെയർമാൻ ഉണ്ണിക്ക്യൃഷ്ണ മെനോൻ, ജോ. സെക്രട്ടറി ജയപ്രകാശ് നായർ, കൾച്ചറൽ കമ്മിറ്റി ചെയർ ഊർമ്മിള റാണി നായർ എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചുകൊണ്ട് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

തുടർന്ന് പരിപാടികൾ സംഘടിപ്പിക്കുന്നതിന് നിയുക്തരായ ഊർമ്മിള റാണി നായർ, ശോഭ കറുവക്കാട്ട്, കലാ മേനോൻ എന്നിവരുടെ നേതൃത്വത്തിൽ, ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ എല്ലാ വിദ്യാർത്ഥികൾക്കും അവാർഡുകൾ നൽകി ആദരിച്ചു. അവാർഡ് ലഭിച്ച വിദ്യാർത്ഥികളെ അനുമോദിച്ചുകൊണ്ട് മുഖ്യാതിഥിയായി പങ്കെടുത്ത ഡോ. മധു ഭാസ്കർ പ്രസംഗിച്ചു. എൻ.ബി.എ.യുടെ ഭാവി വാഗ്ദാനങ്ങളാണ് തന്റെ മുന്നിൽ അവാർഡുകൾ സ്വീകരിച്ചവരെന്നും അവരുടെ കൈകളിൽ എൻബിഎയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്നും അദ്ദേഹം പറഞ്ഞു. കെ.എച്.എൻ. എ.പ്രസിഡന്റ് ഡോ നിഷാ പിള്ള, മന്ത്രയുടെ ട്രസ്റ്റീ ബോർഡ് ചെയർമാൻ വിനോദ് കെയാർകെ എന്നിവർ അക്കാഡമിക് അവാർഡുകൾ കരസ്ഥമാക്കിയവരെ അനുമോദിക്കുകയും ആശീർവദിക്കുകയും ചെയ്തു.

തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറി. അനുഗ്രഹീത ഗായകരായ ശബരീനാഥ് നായർ, രവി നായർ വെള്ളി





ക്കെട്ടിൽ, അജിത് നായർ, അപ്പൻ മേനോൻ, മുരളീധര പണിക്കർ, പ്രേംജി എന്നിവർ ഗാനങ്ങൾ ആലപിച്ചു. പാണ്ടത്ത് രാമൻകുട്ടി മനോഹരമായി കവിത ആലപിച്ചു. ശോഭ കറുവക്കാട്ട്, റാണി ഊർമിള നായർ, കലാ മേനോൻ എന്നിവർ സംഘടിപ്പിച്ച ''ബിംഗോ'' യിൽ, സഹർഷം സന്നിഹിതരായിരുന്നവരെല്ലാം തന്നെ പങ്കെടുത്തു.

വിഭവ സമൃദ്ധമായ ഡിന്നറിനുശേഷം വൈസ് പ്രസിഡന്റ് ബാബു മേനോന്റെ നന്ദി പ്രകാശന പ്രസംഗത്തോടെ പരിപാടികൾക്ക് വിരാമമായി.

വാർത്ത: ജയപ്രകാശ് നായർ












USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
QUARTZ SLABS
Hundreds of colors in stock
Custom kitchen designers are available to render your dream kitchen.
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# അത്മായർ പ്രതിഷേധിച്ചു തുടങ്ങി; ഇനി അടിമകളാകാൻ കിട്ടില്ല



**ഇതിനു മുമ്പ് ഒറ്റ കുഞ്ഞാടുകളും പുരോഹിതർക്കെതിരെ ഒരക്ഷരം ഉരിയാടുകയില്ലായിരുന്നു. അച്ചൻമാർ കണ്ണുരുട്ടിയാൽ മുണ്ടുനനയുന്ന അൽമായർ ആകെ മാറിപ്പോയിരിക്കുന്നു. ഒരു വിശ്വാസിയുടെ വീട്ടിൽ ഒരു കുടുംബപ്രശ്നം ഉണ്ടായാൽ ആത്മീയ പിതാവെന്ന നിലയിൽ അതു പരിഹരിക്കേണ്ട ഉത്തരവാദിത്തം ഇടവകപ്പട്ടക്കാരനുണ്ട്. ബിഎസ് സി നഴ്സായ ഒരു യുവതി ജീവിക്കാനും മക്കൾക്കു ഫീസ്കൊടുക്കാനുമായി പറമ്പിൽ കൂലിപ്പണിചെയ്യേണ്ടിവരുന്ന ഗതികേട് അറിഞ്ഞിട്ടും പട്ടക്കാരൻ അനങ്ങിയില്ല. പത്തു വർഷമായി ആ വീട്ടിൽ അവൾ നേരിട്ട ക്രൂരതകളും അപമാനവും അദ്ദേഹം അറിഞ്ഞില്ലപോലും**

**ഉയരുന്ന ശബ്ദം-119**
**ജോളി അടിമത്ര**

പകർച്ചവ്യാധി പടരും പോലെയാണ് ആത്മഹത്യകളും. അടുത്തിടെ ഒരമ്മ തന്റെ പെൺകുഞ്ഞുങ്ങളുമായി കോട്ടയത്ത് ട്രെയിനിനു മുന്നിൽ ചാടിയ വാർത്ത മലയാളി സമൂഹത്തെ നടുക്കി. നാലു ദിവസം കഴിഞ്ഞതേയുള്ളൂ മറ്റൊരമ്മ തകഴിയ്ക്കടുത്ത് മകളുമായി തീവണ്ടിക്കു മുന്നിൽ ചാടി ആത്മഹത്യ ചെയ്തു.

ഇന്ന് എന്റെ ഒരു പഴയ ഫ്രണ്ടിനെ ഏറെക്കാലത്തിനു ശേഷം അപ്രതീക്ഷിതമായി ഞാൻ കണ്ടുമുട്ടി. അവരെന്നോട് തന്റെ വീട്ടിൽ അഭയം തേടിയിരിക്കുന്ന കൂട്ടുകാരിയെപ്പറ്റി പറഞ്ഞു. രണ്ടാം വിവാഹം കഴിഞ്ഞ സ്ത്രീയാണ്. ആ വീട്ടിൽ നിൽക്കാനോ ഭർത്താവിനൊപ്പം താമസിക്കാനോ ഭർത്താവിന്റെ മക്കൾ സമ്മതിക്കുന്നില്ല. ഒരു പാഴ് വിവാഹത്തിന് ബലിയാടായല്ലോ എന്ന ചിന്ത. കബളിപ്പിക്കപ്പെട്ടെന്ന തോന്നൽ, അപമാനഭാരം. ''ഞാൻ ഷൈനിയെപ്പോലെ ചെയ്തുകളയും, മറ്റൊരു വഴിയും എനിക്കില്ല,'' എന്ന് പറഞ്ഞുള്ള കരച്ചിൽ. ജീവിതം തകരുന്നെന്നു തോന്നിയാലുടൻ ഷൈനിയെ ഓർമിക്കുന്ന ഒരു പ്രവണത. അതൊരു പകർച്ചവ്യാധിപോലെ പടരുന്നു. ആരെയൊക്കെയോ തോൽപ്പിക്കാനുള്ള എളുപ്പവഴിയാണ് ആത്മഹത്യഎന്ന തോന്നൽ.

കൂട്ടുകാരിയെ എനിക്കറിയാവുന്ന സ്ത്രീസംരക്ഷണ കേന്ദ്രത്തിലെത്തിക്കാനും കൗൺസലിംഗിന് വിധേയമാക്കാനും ആ സ്ത്രീയോട് പറഞ്ഞു. താൽക്കാലികമായി വേണമെങ്കിൽ അവിടെ പാർക്കാനും ഏർപ്പെടുത്തി. മാത്രമല്ല അവരുടെ ഭർത്താവിനെ വിളിച്ച് സംസാരിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കാമെന്നും ഉറപ്പു നൽകി. ഒരു സ്ത്രീയുടെ മനസ്സിൽ ആളിക്കത്തുന്ന ആത്മഹത്യയുടെ തീയെ കെടുത്താൻ ഇത്രയൊക്കെ മതി. വിളിപ്പാടകലെ സ്ത്രീസംരക്ഷണ കേന്ദ്രങ്ങളുണ്ടായിട്ടും ഷൈനി അതേപ്പറ്റി ആലോചിക്കഞ്ഞതെന്തെന്ന് ഞാൻ അത്ഭുതപ്പെടുന്നു. ഒന്നുകിൽ അമിത ആത്മാഭിമാനം, അല്ലെങ്കിൽ നാണംക്കേട് വിചാരിച്ചു. അതല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളെപ്പറ്റി അറിവില്ലായ്മ.

ആ മരണവീട്ടിൽ ഞാനും പോയിരുന്നു. വീടിന്റെ ടെറസ്സിൽ തലേന്ന് കഴുകിയിട്ട കുഞ്ഞുങ്ങളുടെ ഉടുപ്പുകൾ കാറ്റിൽ ആടുന്നത് ചൂണ്ടിക്കാണിച്ച് അയൽക്കാരികൾ വാവിട്ടു കരഞ്ഞു. അകത്തെ മുറിയിൽ അടച്ചുമൂടിയ രണ്ടു കുഞ്ഞുശവപ്പെട്ടികളും ഒരു വലിയ പെട്ടിയും. ചിതറിയ മാംസക്കഷണങ്ങളല്ലാതെ മറ്റൊന്നും ശേഷിക്കാത്തതുകൊണ്ട് പെട്ടി തുറക്കേണ്ടിവന്നില്ല. അല്ലെങ്കിൽത്തന്നെ തുറന്ന് അവസാനത്തെ മുത്തം കൊടുക്കാൻ ഷൈനിക്ക് ഈ ഭൂമുഖത്ത് ആരും ശേഷിക്കുന്നില്ലല്ലോ. അവിടെ കൂടിനിന്ന എല്ലാ മനുഷ്യരും വിങ്ങിപ്പൊട്ടുകയായിരുന്നു. രണ്ടുനാൾകൊണ്ട് എല്ലാ മനുഷ്യരും അവരെ മറക്കും എന്നാണ് ഞാൻ കരുതിയത്. ഇല്ല,ഷൈനി ഒരു തുടക്കമാണ്. എന്തിന്റെയൊക്കയോ..

ആത്മഹത്യയെപ്പറ്റി ചിന്തിക്കുന്നവർക്ക് ഒരു പ്രേരണയെന്നതിനെക്കാൾ നീതികേടിനെതിരെ ശക്തമായ പ്രതിഷേധം രൂപപ്പെടുത്താൻ ഷൈനിക്കു കഴിഞ്ഞു. ജീവിച്ചിരുന്ന ഷൈനിയേക്കാൾ മരിച്ച ഷൈനിയാണ് ശക്ത. കാരണം ആ മരണത്തോടെ ജനം ഉണർന്നു, ക്നാനായ കത്തോലിക്കാസഭ ഉണർന്നു. ഇനി ഒരനീതിക്കു കൂട്ടു നിൽക്കാൻ കഴിയില്ലെന്ന് പ്രഖ്യാപിച്ച് അവർ നിരത്തുകളിൽ പ്രതിഷേധിച്ചു തുടങ്ങി.






കോട്ടയത്ത് എനിക്കു സമീപത്തുള്ള സെന്റ്തോമസ് ക്നാനായ പള്ളിയിലെ വിശ്വാസികൾ ശക്തമായ പ്രതിഷേധക്കൂട്ടായ്മയുമായി രംഗത്തുണ്ട്. ഷൈനിയുടെ തൊടുപുഴ ഇടവകപ്പള്ളിയിലെ വിശ്വാസിസമൂഹവും വലിയ പ്രതിഷേധകൂട്ടായ്മ നടത്തി. പുരോഹിതർക്കു നേരെ അവർ ചോദ്യശരങ്ങളുയർത്തുന്നു .ജോലി നിഷേധിച്ച സഭാവക സ്ഥാപനങ്ങൾക്കെതിരെ തെരുവിലിറങ്ങി ശക്തമായി പ്രതിഷേധിക്കുന്നു.. പത്രങ്ങളിലൊക്കെ ആ വാർത്തകളും ഫോട്ടോയും നൽകുന്നു.

ഇതിനുമുമ്പ്ഒറ്റകുഞ്ഞാടുകളുംപുരോഹിതർക്കെതിരെ ഒരക്ഷരം ഉരിയാടുകയില്ലായിരുന്നു. അച്ചൻമാർ കണ്ണുരുട്ടിയാൽ മുണ്ടുനനയുന്ന അൽമായർ ആകെ മാറിപ്പോയിരിക്കുന്നു. ഒരു വിശ്വാസിയുടെ വീട്ടിൽ ഒരു കുടുംബപ്രശ്നം ഉണ്ടായാൽ ആത്മീയ പിതാവെന്ന നിലയിൽ അതു പരിഹരിക്കേണ്ട ഉത്തരവാദിത്തം ഇടവകപ്പട്ടക്കാരനുണ്ട്. ബിഎസ് സി നഴ്സായ ഒരു യുവതി ജീവിക്കാനും മക്കൾക്കു ഫീസ്കൊടുക്കാനുമായി പറമ്പിൽ കൂലിപ്പണിചെയ്യേണ്ടിവരുന്ന ഗതികേട് അറിഞ്ഞിട്ടും പട്ടക്കാരൻ അനങ്ങിയില്ല. പത്തു വർഷമായി ആ വീട്ടിൽ അവൾ നേരിട്ട ക്രൂരതകളും അപമാനവും അദ്ദേഹം അറിഞ്ഞില്ലപോലും. അതിഭയങ്കരമായ മർദ്ദനങ്ങളും അപമാനങ്ങളും ആരോടും പറയാൻ കഴിയാത്ത മാനക്കേടുകളും നേരിട്ടപ്പോഴും മക്കൾക്കായി പിടിച്ചുനിന്നു. സ്വന്തം വീട്ടുകാരിൽ പ്രതീക്ഷവച്ചുകൊണ്ട് ആ പാതിരാവിൽ കണ്ണീരോടെ ഭർതൃഗൃഹത്തിൽനിന്ന് കോട്ടയത്തെ വീട്ടിലേക്കു എത്തി. മർദ്ദനമേറ്റ് ചതഞ്ഞ ശരീരത്തിൽ കെട്ടിപ്പിടിച്ച് രണ്ട് ഓമനക്കുഞ്ഞുങ്ങൾ.

ഒമ്പതു മാസം പിന്നിട്ടപ്പോഴേക്കും മകളും കൊച്ചുമക്കളും ഷൈനിയുടെ വീട്ടുകാർക്കും ഭാരമായിക്കാണും. ജോലി തേടിയ ഇടങ്ങളെല്ലാം മനപൂർവ്വം ചിലർ കൊട്ടിയടച്ചപ്പോൾ നിവൃത്തിയില്ലാതെ , ഷൈനി മരണത്തിലേക്ക് നടക്കുകയായിരുന്നു.

എത്രയെത്ര ഷൈനിമാർ ഇതിനു മുമ്പായി കടന്നുപോയി. ഇനി പോകാൻ ശേഷിക്കുന്നു. നമ്മൾക്കും വേണ്ടേ ചില ഉത്തരവാദിത്തങ്ങൾ ? സഭയ്ക്കും വൈദികർക്കുമില്ലേ ഉത്തരവാദിത്തങ്ങൾ.. അൽമായരുടെ കാശുമാത്രം മതിയോ സഭയ്ക്ക്. ആത്മഹത്യ പാപമാണെന്ന് പറയുന്ന സഭ കുഞ്ഞാടുകൾ അതു ചെയ്യാതിരിക്കാൻ വേണ്ട കരുതൽകൂടെ എടുക്കണം. കുമ്പസാരത്തിലൂടെ സകല മാനസ്സിക ക്ഷോഭങ്ങളും പുരോഹിതന്റെ മുന്നിൽ ഇറക്കിവച്ച , കത്തോലിക്ക വിശ്വാസിയായ ഷൈനിക്കുവേണ്ടി താൻ എന്തു ചെയ്തു എന്ന് ആ ഇടവകയിലെ പുരോഹിതൻ ആത്മപരിശോധന നടത്തണം.

ഷൈനിയുടെ മരണം നൽകിയ ഷോക്കിൽ ഒരോരുത്തരും സ്വയം കുറ്റപ്പെടുത്തുന്നു, മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നു.. എന്തെങ്കിലും ചെയ്യാമായിരുന്നു.

ഇനി ഒന്നേ ചെയ്യാനുള്ളൂ, ജീവിനും മരണത്തിനുമിടയിലൂടെ കടന്നുപോകുന്ന ഷൈനിമാരെ സഹായിക്കുക.

ഒറ്റപ്പെട്ടവളായി ഒരു സ്ത്രീയെ കണ്ടുമുട്ടിയാൽ ആശ്വാസം പകരുക എന്നത് ഒന്നാമത്തെ കടമ. ആരൊക്കയോ ഒപ്പമുണ്ട് എന്ന തോന്നൽ നൽകുന്നത് അവർക്കൊരു ബലമാകും. അവരുടെ ദുഖത്തെ കേൾക്കാൻ ഇത്തിരി സമയം മാറ്റിവയ്ക്കുന്നത് ദൈവമുമ്പാകെയും ഒരു പുണ്യകർമ്മമാണ്. ചില നേരങ്ങളിൽ നമ്മുടെ അരികിലേക്ക് അശരണരായ ചില ആളുകൾ എത്തിയിട്ടില്ലേ? അവർ താനെ വന്നതല്ല കേട്ടോ..ദൈവം അവരെ നമ്മിലേക്ക് പറഞ്ഞുവിട്ടതാണ്. എന്നിട്ട് നാം എന്തു ചെയ്യുന്നു എന്ന് ദൈവം ഉറ്റുനോക്കും. ചെറിയ ഒരു സഹായമെങ്കിലും ചെയ്യാമായിരുന്നിട്ടും നമ്മൾ മുഖം തിരിച്ചെങ്കിൽ അതിന് എപ്പോഴെങ്കിലും വലിയ വില കൊടുക്കേണ്ടി വരും.

ഞാൻ പറഞ്ഞല്ലോ കഴിഞ്ഞ ദിവസം ഞാൻ കണ്ടുമുട്ടിയ സ്ത്രീയെപ്പറ്റി. എന്റെ ഭർത്താവിന്റെ കണ്ണിന്റെ സർജറിയുമായി ബന്ധപ്പെട്ടു ആസ്പത്രിയിൽ പോയതാണ്. അവിടെ വച്ച് 25 വർഷത്തിനു ശേഷമാണ് ആ പഴയ സുഹൃത്തിനെ കണ്ടത്. വിശേഷങ്ങൾ പങ്കു വയ്ക്കുമ്പോഴാണ് അവരുടെ കൂട്ടുകാരി വീട്ടിലുണ്ടെന്നും കടുത്ത ഡിപ്രഷനിലാണെന്നും ഷൈനിയുടെ ആത്മഹത്യയെപ്പറ്റി ഇടയ്ക്കിടെ സൂചിപ്പിക്കുന്നു എന്നും പറയുന്നത്. സൗജന്യ നിയമസഹായത്തിനും കൗണ്ടസലിംഗിനും പറ്റിയ ഇടമുണ്ടെന്നും പിറ്റേന്നുതന്നെ അവിടെ എത്തിക്കാനും ഞാൻ ആവശ്യപ്പെട്ടു. അപ്പോൾത്തന്നെ ആ സെന്ററിൽ വിളിച്ച് സമയം നിശ്ചയിച്ചു. പിറ്റേന്ന് ആ സ്ത്രീയെകൂട്ടി എന്റെ സുഹൃത്ത് അവിടെ ചെന്നു, സംസാരിച്ചു. അടുത്ത ദിസവം കൗണ്ടസലിംഗിനു അവർ പോയിത്തുടങ്ങും.

എന്റെ സുഹൃത്തിനെപ്പറ്റി എനിക്ക് വലിയ മതിപ്പായി. ആ സ്ത്രീയെ ചേർത്തു പിടിച്ചതിന്, ഇത്രയുമൊക്കെ ചെയ്തു കൊടുത്തതിന്. ആ സമയത്ത് എന്തിനു ഞങ്ങൾ 25 വർഷത്തിനു ശേഷം കണ്ടുമുട്ടി. ഈ പ്രശ്നം എന്തിന് എന്നോടു പങ്കു വച്ചു.. അത് ദൈവത്തിന്റെ നിർദ്ദേശമാണെന്നു ഞാൻ വിശ്വസിക്കുന്നു. പിരിയുമ്പോൾ അവർ എന്നോടു പറഞ്ഞു,''അവരെ എങ്ങോട്ടു വിടണമെന്ന് എനിക്കൊരു പിടിയുമില്ലായിരുന്നു. ഇപ്പോൾ ഒരു സമാധാനമായി,'' എന്ന്.

അവർക്ക് തലചായിക്കാൻ ഇടമുണ്ട്, പണത്തിന്റെ ആവശ്യമില്ല..പക്ഷേ വേണ്ടത് പിന്തുണയാണ്, ധാർമിക പിന്തുണ്. അതു കൊടുക്കാൻ നമ്മൾക്ക് ഒരു ചെലവുമില്ലതാനും .എന്നിട്ടും നമ്മളെന്തേ പിശുക്കരാവുന്നു..



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**വർഗീസ് പൊന്നോലിൽ**

ന്യൂയോർക്ക്: ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭാംഗം വർഗീസ് പൊന്നോലിൽ (79) ന്യൂയോർക്കിൽ അന്തരിച്ചു. കുഴിക്കാലായിൽ പൊന്നോലിൽ പരേതനായ പാസ്റ്റർ കെ.വി.മാത്യുവിന്റെ മകനാണ്. തോന്ന്യാമല തെക്കേതിൽ കുടുംബാഗം ലീലാമ്മയാണ് ഭാര്യ. മക്കൾ: മാത്യൂ വർഗീസ്, സൂസൻ, ആനി.മരുമക്കൾ: ഷീന, മാർക്ക്, ഷാജി. സഹോദരങ്ങൾ: ലില്ലിക്കുട്ടി കുരുവിള, ആലീസ് ഈപ്പൻ, ഡെയ്സി ജോൺസൺ, മോൻസി പൊന്നോലിൽ, മേഴ്സി ബാബു, ജോളി ഈശോ, പരേതയായ കുഞ്ഞുമോൾ. (എല്ലാവരും യു.എസ്.എ).

**കെ.പാപ്പച്ചൻ**

വാകത്താനം:തട്ടിൻപുറത്തുകുന്നേൽ പീടികപ്പറമ്പിൽ കെ.പാപ്പച്ചൻ (73) അന്തരിച്ചു. ഭാര്യ: തങ്കമ്മ.



**എബ്രഹാം ഒ.പി**

മർഫി(ഡാളസ്): എബ്രഹാം ഒ. പി (88) ഡാലസിൽ അന്തരിച്ചു. ഓതറ, ഓച്ചരുകുന്നിൽ കുടുംബാംഗമാണ്. ഡാളസ് സെഹിയോൻ മാർത്തോമ്മ സിറിയൻ ചർച്ച് അംഗമാണ് എബ്രഹാം. ബോറിവാലി ഇമ്മാനുവൽ മാർത്തോമ്മ സിറിയൻ ചർച്ച് മുൻ വൈസ് പ്രസിഡന്റായിരുന്നു. ഭാര്യ:മറിയാമ്മ എബ്രഹാം. മക്കൾ : റെനി എബ്രഹാം, റോണി എബ്രഹാം, റീന ജോൺസൻ. മരുമക്കൾ: എലിസബത്ത് എബ്രഹാം(മർഫി സിറ്റി കൗൺസിൽ അംഗം), ഷൈല എബ്രഹാം ജോൺസൻ.

**പി.പി.രാജൻ**

ഞാലിയാകുഴി:പീടികപ്പറമ്പിൽ പി.പി.രാജൻ (63) അന്തരിച്ചു. ഭാര്യ: വെട്ടത്തുകവല വട്ടമല വത്സമ്മ. മക്കൾ: രാജേഷ്, രാജീവ്. മരുമക്കൾ: വിനീത , ഐബി



**സി.ജെ. ജെയിംസ് വില്യം**

ഫിലാഡൽഫിയ: തൃശൂർ നെല്ലിക്കുന്ന് ചീരൻ കുടുംബംഗം സി.ജെ. ജെയിംസ് വില്യം.(86 വയസ്സ്) 2025 മാർച്ച് 20-ന് (വ്യാഴം) അന്തരിച്ചു.നെല്ലിക്കുന്ന് സീയോൻ ബ്രദറൻ ചർച്ച് അംഗമാണ്. സി.ജെ.സാമുവൽ തമ്പി ,ഫിലാഡൽഫിയ, യുഎസ്എ ഏക സഹോദരനാണ്. ഭാര്യ: മറിയാമ്മ ജെയിംസ്. മക്കൾ :ജോസഫ് ജെയിംസ് (ജോമോൻ) & റേ ഗ്ലിനിസ് ജോസഫ് (റെയ്മോൾ), ദോഹ, ജിനു അനുപ് & അനുപ് തോമസ്, ചെന്നൈ, മിനു അജി & അജി തോമസ്, തൃശൂർ, വർഗീസ് ജെയിംസ് (ജെറി) & അനിത ജെയിംസ്, ലണ്ടൻ.

**ലില്ലി ജോസഫ്**

കളത്തൂർ:കിഴക്കേക്കരയിൽ ലില്ലി ജോസഫ് (73) അന്തരിച്ചു. ഭർത്താവ്: കെ.സി.ജോസഫ്.



**ഈപ്പൻ ഫിലിപ്സ്**

ഡാലസ്/മല്ലപ്പള്ളി: മഞ്ഞത്താനം പാലത്തുംഗൽ ഈപ്പൻ ഫിലിപ്സ് (രാജൻ 73)അന്തരിച്ചു. ഭാര്യ: എലിസബത്ത് ഫിലിപ്പ്, കുമ്പനാട് കനകത്തിൽ കുടുംബാംഗമാണ്. മക്കൾ : ഫിലിപ്പ് ഈപ്പൻ (നോർവേ) എൽസി ഫിലിപ്പ് (ഡാലസ് )മരുമക്കൾ:അനു ജേക്കബ് (നോർവേ), മല്ലപ്പള്ളി കൊച്ചുകുഴിയിൽ ജിബിൻ വർഗീസ് (ഡാളസ്).

**അന്നമ്മ മാത്യു**

കൈപ്പുഴ: പാലത്തുരുത്ത് പൗവ്വത്തേൽ പി.ജെ മാത്യുവിന്റെ ഭാര്യ അന്നമ്മ മാത്യു (75) അന്തരിച്ചു. പരേത സംക്രാന്തി കുന്നുമാംതൊട്ടിയിൽ കുടുംബാംഗമാണ്. മക്കൾ: ജോസഫ് (മജു), ജിജോ, ജിഷ (യു.കെ). മരുമക്കൾ: പരേതയായ മേഴ്സി , ജെനി പുത്തൻപറമ്പിൽ , റോബി ജോസ്.



**ജോസഫ് എബ്രഹാം**

മുഹമ്മ: മുഹമ്മ യോഗ്യാവീട്ടിൽ ജോസഫ് എബ്രഹാം (അവറാച്ചൻ - 93) മാർച്ച് 17 അന്തരിച്ചു. ഭാര്യ: റോസ് എബ്രഹാം (വൈക്കം മാടത്തിൽ കുടുംബാംഗം) മക്കൾ: ആലീസ് തോമസ്, ജോസ് എബ്രഹാം, റോസിലി റോയി , റാണി രാജു , സെലിൻ തങ്കച്ചൻ , ജമ്മ ആന്റോച്ചൻ , ടോംസൺ എബ്രഹാം , ഫ്രാൻസിസ് എബ്രഹാം. മരുമക്കൾ: ടോമിച്ചൻ ഒറ്റപ്ലാക്കൽ ചിറക്കടവ് , കതിരമ്മ പുറക്കരിയിൽ അതിരമ്പുഴ, റോയി മൂലയിൽ ആലുവ,രാജു മുണ്ടയ്ക്കാട്ട് തൊടുപുഴ, തങ്കച്ചൻ താന്നിയിൽ രാമപുരം, ആന്റോച്ചൻ കരുവേലിത്തറ മിത്രക്കരി, ജിഷ ,നിഷ.

**അന്നമ്മ ജേക്കബ്**

കൂടല്ലൂർ:വെച്ചിയാനിക്കൽ അയ്യമ്പടത്തിൽ അന്നമ്മ ജേക്കബ് (70) അന്തരിച്ചു



**റവ. ഫാ. യോഹന്നാൻ പണിക്കർ**

ലോസാഞ്ചലസ്: കഴിഞ്ഞ ദിവസം അന്തരിച്ച സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി വികാരി റവ. ഫാ. യോഹന്നാൻ പണിക്കർ അച്ചന്റെ (പണിക്കർ അച്ചൻ) സംസ്കാരം മാർച്ച് 31-ന് തിങ്കളാഴ്ച നടക്കും. മാർച്ച് 25 ചൊവ്വാഴ്ച സംസ്കാര ശുശ്രൂഷകൾക്ക് തുടക്കം കുറിക്കും. സംസ്കാരം മാർച്ച് 31 തിങ്കളാഴ്ച വൈകുന്നേരം 3.30-ന് ഫോറസ്റ്റ് ലോൺ സെമിത്തേരിയിൽ സംസ്കാരം.

**സാറാ ഐപ്**

മുളക്കുളം:വലിയ പുത്തൻപുരയിൽ പുള്ളിപ്പടവിൽ പരേതനായ പി.ഒ. ഐപ്പിന്റെ ഭാര്യ സാറാ ഐപ് (ബാവ-87) അന്തരിച്ചു. പൊൻവാണിഭം കുടും ബാംഗമാണ്. മക്കൾ: തോമസ് ഐപ്പ്, സുസൻ ജോൺ (ദോഹ).



**കെ.എം. മത്തായി**

ഹൂസ്റ്റൺ: പുല്ലാട് കോട്ടുഞ്ഞാലിൽ പരേതരായ ജോർജിന്റെയും, ഏലിയാമ്മയുടെയും മകൻ കെ.എം. മത്തായി (ജോയി-76) ഹൂസ്റ്റണിൽ അന്തരിച്ചു. പരേതൻ പെയർലാൻഡ് അമേസിങ് ഗ്രേസ് അസംബ്ലി ചർച്ച് അംഗമായിരുന്നു. ഭാര്യ: അമ്മിണി മത്തായി ഓതറ മാടപ്പാട്ട് മണ്ണിൽ കുടുംബാംഗമാണ്. മക്കൾ: ജോജി (ഹൂസ്റ്റൺ), ജോഷി( ഹൈദരാബാദ്), ജോമോൻ( കേരളം). മരുമക്കൾ: ജിനു, അഞ്ചു, രാജി. കൊച്ചുമക്കൾ: അഭിഗേൽ, വിക്ടോറിയ, ഗബ്രിയേല, നതാനിയ,ഒലീവിയ. ജൊവാനാ, മാളു.

**ബിജി തോമസ്**

പള്ളിക്കത്തോട്:ബിജി തോമസ് (54) അന്തരിച്ചു. ഭാര്യ: പരേതയായ ജിബി ബിജി. മക്കൾ: എമിൽ, ഐറിൻ, ഇവാൻ.



**ജോൺ മടുക്കോലിൽ**

ന്യൂ യോർക്ക് : ഫൊക്കാന ട്രസ്റ്റീബോർഡ് സെക്രട്ടറിയും, ഗുഡ്ന്യൂസ് അമേരിക്കാ പത്രത്തിന്റെ പത്രധിപ സമതി അംഗവുമായ ബിജു കൊട്ടാരക്കരയുടെ ഭാര്യ പിതാവ് പത്തനംതിട്ട അതിരിങ്കൽ മടുക്കോലിൽ കുടുംബാംഗവുമായ ജോൺ മടുക്കോലിൽ (91) ന്യൂയോർക്കിൽ അന്തരിച്ചു. ന്യൂയോർക്ക് അമിറ്റിവിൽ ന്യൂ ടെസ്റ്റ്മെന്റ് ചർച്ച് (റ്റി.പി.എം ) സഭാംഗമാണ് . ഭിലായി സ്റ്റീൽ പ്ലാന്റിലെ ഉദ്യോഗസ്ഥനായിരുന്നു. വിരമിച്ചതിനു ശേഷം കഴിഞ്ഞ മുപ്പതു വർഷത്തിൽ അധികമായി ന്യൂയോർക്കിൽ സ്ഥിരതാമസ മായിരുന്നു. ഭാര്യ : പരേതയായ ശോശാ മ്മ ജോൺ ; മക്കൾ : ഷീല മാത്യു, ഷെർളി ബിജു , ഷി ജി ജോൺ; മരുമക്കൾ: ജോ സ് മാത്യു, ബിജു ഉണ്ണുണ്ണി, ബിജു ജോൺ.



**മേരി ചാക്കോ**

കല്ലറ : നടുച്ചൂരവേലിൽ മേരി ചാക്കോ (78) അന്തരിച്ചു.പരേത കല്ലറ പുത്തൻപള്ളി പൊന്നാംകുന്നേൽ കുടുംബാംഗമാണ്. മക്കൾ : മിനി,മനോജ് സുനി,സുജ. മരുമക്കൾ: റെജി ഞീഴൂർ,കുഞ്ഞുമോൾ ചേർപ്പുങ്കൽ,ജോണി ,ബിജു മാറിക.



**മേരി തോമസ്കുട്ടി**

ന്യൂയോർക്ക് : ഫാ. തോമസ്കുട്ടി കാടുവെ ട്ടുരിന്റെ പത്നി മേരി തോമ സ് കുട്ടി കൊച്ചമ്മ, 77, അന്തരിച്ചു.



**മേരി തോമസ്**

കോട്ടയം: കല്ലറ നെടുംതുരുത്തി പുത്തൻപുരയിൽ പരേതനായ തോമസിന്റെ ഭാര്യ മേരി തോമസ് (78) അന്തരിച്ചു. മക്കൾ:അനി തോമസ് (ന്യൂയോർക്ക്), ബിനിതോമസ് (ചിക്കാഗോ), സിനിതോമസ് (ചിക്കാഗോ), ഡാനി തോമസ് (ഓസ്ട്രേലിയ), എനിൽ തോമസ് (ഹൂസ്റ്റൺ).മരുമക്കൾ: ആൻസി തോമസ് (ന്യൂയോർക്ക്), നിഷമോൾ (ചിക്കാഗോ), പുഷ്പ തോമസ് പൂവൻതുറകളത്തിൽ (ചിക്കാഗോ), ആഷ് ലി ഡാനി (ഓസ്ട്രേലിയ), സഞ്ചു എനിൽ മാത്തിപ്പറമ്പിൽ കരിങ്കുന്നം (ഹൂസ്റ്റൺ).

**മേരി ഏബ്രഹാം**

കൂടല്ലൂർ:ആക്കിലേട്ട് കാളിയാങ്കൽ പനച്ചിക്കൽ മേരി ഏബ്രഹാം (പെണ്ണമ്മ 75) അന്തരിച്ചു. ഭർത്താവ്: അവിരാച്ചൻ.


pravasi CHANNEL HD
THE ONE AND ONLY DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand by Downloading
MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News